# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഉദയഗിരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ-സി 12/1653/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 17/11/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉദയഗിരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഉദയഗിരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉദയഗിരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ-സി 12/1653/23 തീയ്യതി: 17/11/2023

## കണ്ണൂർ ജില്ലയിലെ ഉദയഗിരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ഉദയഗിരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-02-2023 മുതൽ 19-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 33 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എ.ആർ.ജിതേന്ദ്രൻ | ഡെപ്യൂട്ടി ഡയറക്ടർ | 20-10-2023 | 31-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-10-2023 | 31-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സുരേഷ് ബാബു.കെ.വി,ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീ മനോജ് കുമാർ ടി ജോർജ്ജ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.അന്ന അബ്രഹാം,ഓഡിറ്റർ (ഹയർ ഗ്രേഡ്)
ശ്രീ.ശ്രീനാഥ് വി,ഓഡിറ്റർ.

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.കെ.എസ്.ചന്ദ്രശേഖരൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.ബിന്ദു വർഗ്ഗീസ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഷംനാദ്.ജെ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2022 | 29-07-2022 |
| ശ്രീമതി.വർഷ ചന്ദ്രൻ | അസിസ്റ്റന്റ് എൻജിനീയർ | 30-07-2022 | 31-03-2023 |
| ശ്രീമതി.രാഗിഷ രാമദാസ് | കൃഷി ഓഫീസർ | 01-04-2022 | 27-07-2022 |
| ശ്രീമതി.അഞ്ജു എം സണ്ണി | കൃഷി ഓഫീസർ | 28-07-2022 | 01-11-2022 |
| ശ്രീമതി.അംഗിത.ബി.എം | കൃഷി ഓഫീസർ (പ്രൊവിഷണൽ) | 02-11-2022 | 31-03-2023 |
| ശ്രീമതി.സോഫിയാമ്മ അബ്രഹാം | ഹെഡ് മാസ്റ്റർ | 01-04-2022 | 04-07-2022 |
| ശ്രീ.ഷാജി തോമസ് | ഹെഡ് മാസ്റ്റർ | 05-07-2022 | 31-03-2023 |
| ശ്രീ.അജീഷ് എം.പി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,ഉദയഗിരി സർക്കിൾ | 01-04-2022 | 11-11-2022 |
| ശ്രീ.സുരേന്ദ്രൻ ടി.വി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,ഉദയഗിരി സർക്കിൾ | 12-11-2022 | 31-03-2023 |
| ശ്രീ. മുഹമ്മദ് അലി കക്കാടൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,മണക്കടവ് സർക്കിൾ | 01-04-2022 | 31-03-2023 |
| ഡോ. ഷൈലജ വർമ്മ | മെഡിക്കൽ ഓഫീസർ,എഫ് എച്ച് സി | 01-04-2022 | 31-03-2023 |
| ഡോ. സൗമ്യ മാത്യൂ | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോ.ബിജോയ് വർഗ്ഗീസ് | വെറ്റിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി. അൽഫോൻസ ജോസഫ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ. സജി സെബാസ്റ്റ്യൻ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി.സജന കായക്കുൽ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 02-06-2022 |
| ശ്രീമതി.ഹസീന.പി.വി | ഐ സി ഡി എസ് സൂപ്പർവൈസർ | 03-06-2022 | 27-01-2023 |
| ശ്രീമതി.ഷൈജ.കെ.പി | ഐ സി ഡി എസ് സൂപ്പർവൈസർ | 28-01-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ബാലൻസ് ഷീറ്റിൽ തെറ്റായ ഷെഡ്യൂളിൽ തുക രേഖപ്പെടുത്തി | 1-1-1 |
| 3 | ധനകാര്യ കമ്മീഷൻ അവാർഡ്- അവ്യക്തതകൾ | 1-1-2 |
| 4 | കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതങ്ങൾ സംബന്ധിച്ച് എ.സി.ആർ സൂക്ഷിച്ചിട്ടില്ല. | 1-1-3 |
| 5 | അനുബന്ധങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-4 |
| 6 | ആസ്തി രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല. | 1-1-5 |
| 7 | വസ്തു നികുതിയുടെ സാക്ഷ്യപ്പെടുത്തിയ ഡി.സി.ബി പത്രിക ഹാജരാക്കിയില്ല | 1-1-6 |
| 8 | ക്യാഷ് ഫ്ലോ പത്രികയിൽ അപാകം | 1-1-7 |
| 9 | ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-8 |
| 10 | മുൻക്കൂർ രജിസ്റ്റർ അപൂർണ്ണം | 1-1-9 |
| 11 | ടെണ്ടർ ഫോമിന്റെ സ്റ്റോക്ക് & സെയിൽസ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. | 1-1-10 |
| 12 | വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-1-11 |
| 13 | ലെഡ്ജർ എൻട്രി-വിശദ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | ബജറ്റ് ഡോക്യുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. | 1-2-1 |
| 16 | വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല. | 1-2-2 |
| 17 | സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 18 | ഫണ്ട് വിനിയോഗം | 1-4 |
| 19 | പദ്ധതി അവലോകനം | 1-5 |
| 20 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 21 | ക്ഷേമപെൻഷൻ | 1-7 |
| 22 | ക്യാഷ് പരിശോധന | 1-8 |
| 23 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 24 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം. | 1-10 |
| 25 | ഗ്രാമസഭ | 1-11 |
| 26 | തുക പിൻവലിച്ചതിന്റെ വിശദാംശങ്ങൾ ബാങ്ക് ബുക്കിൽ ലഭ്യമായിട്ടില്ല | 1-12 |
| 27 | ബഹുനില വാണിജ്യ കെട്ടിടത്തിന്റെ വസ്തു നികുതി- തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് നികുതി നിർണ്ണയത്തിൽ ഉൾപ്പെടുന്നില്ല. സാങ്കേതിക പിഴവ് ഐ.കെ.എം.ന്റെ | 1-13 |

| | | |
|---|---|---|
| | ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്. | |
| 28 | അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. | 1-14 |
| 29 | തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലെയും ചുമത്തുന്നതിലെയും അപാകങ്ങൾ. | 1-15 |
| 30 | എഫ്.ടി.ഇ & ഒ എസ് ലൈസൻസ് - അപാകതകൾ. | 1-16 |
| 31 | ലൈസൻസ് അനുവദിച്ച കെട്ടിടങ്ങളുടെ ഉപയോഗക്രമം വ്യത്യസ്തമാണ് | 1-16-1 |
| 32 | ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. | 1-17 |
| 33 | ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളും മറ്റ് മുറികളും വാടകയ്ക്ക് നൽകൽ -വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-18 |
| 34 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടില്ല. | 1-19 |
| 35 | ഗ്രാമപഞ്ചായത്തിലെ തനത് വരുമാന സ്രോതസ്സുകൾ -നിലവിലെ സ്ഥിതി സംബന്ധിച്ച അവലോകനം | 1-20 |
| 36 | സൗരോർജ തൂക്കു വേലി നിർമ്മാണം ആരംഭിച്ചില്ല.₹70,00,000 (എഴുപത് ലക്ഷം രൂപ)തടസ്സപ്പെടുത്തുന്നു. | 1-21 |
| 37 | സ്മാർട്ട് ഐ പദ്ധതി. വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല. ചെലവ് തുക 1,77,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 1-22 |
| 38 | സർക്കാർ അനുമതിയില്ലാതെ ചൂടാറാപ്പെട്ടി (റൈസ് കുക്കർ) വിതരണം- ചെലവ് തുക ₹4,90,000 നിരാകരിക്കുന്നു | 1-23 |
| 39 | ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്-₹3970 അധികം നൽകിയത് തടസ്സപ്പെടുത്തുന്നു | 1-24 |
| 40 | അങ്കണവാടി പോഷകാഹാരം-സ്റ്റോക്കിലെടുത്തതിൽ വ്യക്തതയില്ല.₹19,824 തടസ്സപ്പെടുത്തുന്നു | 1-25 |
| 41 | നൂറേക്കർ കുടിവെള്ള പദ്ധതി നവീകരണം-കരാർ ലംഘനം നടത്തിയ കരാറുകാരനിൽ നിന്നും ഡെപ്പോസിറ്റ് ₹14600 കണ്ടുകെട്ടിയില്ല. | 1-26 |
| 42 | പൊതുമരാമത്ത് പ്രവൃത്തികളിലെ മോണിറ്ററിംഗ്,ഗുണനിലവാര പരിശോധന-പദ്ധതി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല. | 1-27 |
| 43 | ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല - ₹50,497യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-28 |
| 44 | അജൈവ മാലിന്യ നീക്കം - ക്ലീൻ കേരള കമ്പനിക്ക് തുക കൈമാറൽ- രേഖകൾ ലഭ്യമാക്കിയില്ല-₹15,195 തടസ്സപ്പെടുത്തുന്നു | 1-29 |
| 45 | ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിലെ കാലതാമസം. | 1-30 |

| | | |
|---|---|---|
| 46 | മൃഗാശുപത്രിയിലേക്ക് മരുന്ന വാങ്ങിയത് - നോൺ അവയിലബിറ്റി സർട്ടിഫിക്കറ്റ് ലഭ്യമല്ല. ₹98000 തടസ്സപ്പെടുത്തുന്നു | 1-31 |
| 47 | ഉദയഗിരി ഫാമിലി ഹെൽത്ത് സെന്റർ-ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വരവ് ചെലവ് കണക്കുകൾ ലഭ്യമാക്കിയിട്ടില്ല | 1-32 |
| 48 | പത്താമുദയം-സമ്പൂർണ്ണ സെക്കന്ററി വിദ്യാഭ്യാസ ജില്ല-പഠിതാവ് കോഴ്സിന് രജിസ്റ്റർ ചെയ്തില്ല-₹1950 തടസ്സപ്പെടുത്തുന്നു. | 1-33 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | സർക്കാർ അനുമതിയില്ലാതെ ചൂടാറാപ്പെട്ടി (റൈസ് കുക്കർ) വിതരണം ചെലവ് തുക ₹4,90,000 നിരാകരിക്കുന്നു. | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യ പത്രം നൽകിയതിന്റെവിവരം | 4-1 |
| 2 | സംയുക്ത പദ്ധതികളുടെ ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഉദയഗിരി ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 30-06-2023 തീയതിയിലെ 122/2023 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 07-07-2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഉദയഗിരി ഗ്രാമപഞ്ചായത്തിന്റെ 31-03-2023ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഉദയഗിരി ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

കണ്ണൂർ,

17.11.2023.

### 1-1-1 ബാലൻസ് ഷീറ്റിൽ തെറ്റായ ഷെഡ്യൂളിൽ തുക രേഖപ്പെടുത്തി

2022-23 വർഷത്തിൽ സൗരോർജ തൂക്ക വേലി നിർമ്മാണം എന്ന പ്രോജക്ടിന്റെ (പ്രോജക്ട് നമ്പർ-121/23) നിർവഹണത്തിന്റെ ഭാഗമായി ₹70,00,000 കണ്ണൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം തൻവർഷം ലഭിച്ചിട്ടില്ല. പ്രവൃത്തി ആരംഭിക്കാത്തതിനാൽ പ്രസ്തുത തുക ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തേണ്ടതിന് പകരം ആസ്തിയായി ബാലൻസ് ഷീറ്റിൽ (ബി-11c) ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-1-2 ധനകാര്യ കമ്മീഷൻ അവാർഡ്- അവ്യക്തതകൾ

ധനകാര്യ കമ്മീഷൻ അവാർഡ് ഇനത്തിൽ സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് തുക ₹9279553 ആണ്. എന്നാൽ ഐ6 ഷെഡ്യൂൾ പ്രകാരം ₹7231431യും (4586365+600412+2044654) രൂപയും ബി3 ഷെഡ്യൂളിൽ ₹2491799യും ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എ.സി.ആർ. പ്രകാരം സി.എഫ്.സി.ബേസിക് ഗ്രാന്റിന്റെ ആകെ ചെലവ് ₹4586365യും ടൈഡ് ഗ്രാന്റിന്റെ ആകെ ചെലവ് ₹4826841യും ആണ്. ബി4 ഷെഡ്യൂൾ പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിലുള്ള ആകെ നീക്കിയിരിപ്പ് ₹8031046 (1295179+6735867) ആണ്. എന്നാൽ ബി17, ആർ.പി. 40 (ബി) എന്നിവ പ്രകാരം അക്കൗണ്ട് നീക്കിയിരിപ്പ് ₹7553165 ആണ്. വ്യത്യാസങ്ങളുടെ കാരണം പഞ്ചായത്ത് വ്യക്തമായി വിശദീകരിച്ചിട്ടില്ല.

## 1-1-3 കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതങ്ങൾ സംബന്ധിച്ച് എ.സി.ആർ സൂക്ഷിച്ചിട്ടില്ല.

കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതങ്ങൾ സംബന്ധിച്ച് പഞ്ചായത്ത് അപ്രോപ്രിയേഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 1-1-4 അനുബന്ധങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 62 (2) പ്രകാരമുള്ള അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ, 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-5 ആസ്തി രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല.

പഞ്ചായത്തിന്റെ എല്ലാ ആസ്തികളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല.

## 1-1-6 വസ്തു നികുതിയുടെ സാക്ഷ്യപ്പെടുത്തിയ ഡി.സി.ബി പത്രിക ഹാജരാക്കിയില്ല

വസ്തു നികുതിയുടെ സാക്ഷ്യപ്പെടുത്തിയ ഡി.സി.ബി. പത്രിക ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

## 1-1-7 ക്യാഷ് ഫ്ലോ പത്രികയിൽ അപാകം

ക്യാഷ് ഫ്ലോ പത്രികയിലെ ആ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. 2022-23 കാലയളവിലെ "Net Increase/decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹5110061 ആണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activities (A+B+C)" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹72261825 ആണ്.

## 1-1-8 ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ബി5 ഷെഡ്യൂൾ പ്രകാരം സെക്യൂർഡ് ലോൺ ഇനത്തിൽ ₹4304423 ബാലൻസുണ്ട്. ഗ്രാമപഞ്ചായത്തിൽ വായ്പയുടെ വിശദാംശങ്ങൾ അടങ്ങിയ ലോൺ രജിസ്റ്റർ സൂക്ഷിട്ടില്ല.

## 1-1-9 മുൻകൂർ രജിസ്റ്റർ അപൂർണ്ണം

മുൻകൂർ രജിസ്റ്റർ പൂർത്തീകരിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. കെ.എസ്.ഇ.ബി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനീയറിംഗ് എന്നിവയ്ക്ക് നൽകിയ തുകകൾ 2020-21 മുതൽ ബാലൻസായി തുടരുകയാണ്. ബി18 ഷെഡ്യൂളിലെ മുൻകൂർ നൽകിയ തുകയായ (ഹെഡ് കോഡ് നമ്പർ 460500420) ₹87025 കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനീയറിംഗിന് നൽകിയ തുകയാണെന്നാണ് വാർഷിക ധനകാര്യ പത്രികയിൽ

രേഖപ്പെടുത്തിയിരിക്കുന്നതെങ്കിലും അഡ്വാൻസ് രജിസ്റ്ററിൽ കെൽട്രോണിന് എ.എം.സി. ഇനത്തിൽ നൽകിയ തുകയെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മേൽ സൂചിപ്പിച്ച തുകകൾ ഏതിനങ്ങളിൽ ആർക്കൊക്കെ നൽകിയതാണെന്ന് സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-1-10 ടെണ്ടർ ഫോമിന്റെ സ്റ്റോക്ക് & സെയിൽസ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

2022-23 വർഷത്തെ ടെണ്ടർ ഫോമിന്റെ സ്റ്റോക്ക് & സെയിൽസ് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

## 1-1-11 വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ബി17, ആർ.പി. 40 (ബി) ഷെഡ്യൂളുകളിൽ Co-Operative Bank Account Of Own Revenue Fund എന്ന ഹെഡ്ഡിൽ ₹10,105 നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത്തരമൊരു അക്കൗണ്ട് നിലവിലില്ലെന്നും സോഫ്റ്റ്‌വെയർ തെറ്റായി ജനറേറ്റ് ചെയ്തതാണെന്നുമാണ് സെക്രട്ടറി വിശദീകരിച്ചത്. (ഓഡിറ്റ് എൻക്വയറി നമ്പർ-19/28-10-2023) എന്നാൽ ഈ തുക ഏത് അക്കൗണ്ടിൽ ഉൾപ്പെട്ടതാണെന്നു സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-1-12 ലെഡ്ജർ എൻട്രി-വിശദ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 24-08-2022ലെ 61/2022 നമ്പർ തീരുമാന പ്രകാരം 2020-21, 2021-22 വർഷത്തിൽ ചെലവ് രേഖപ്പെടുത്താൻ വിട്ടു പോയതും തെറ്റായി ചെലവ് രേഖപ്പെടുത്തിയതുമായ തുകകൾ പഞ്ചായത്ത് അക്കൗണ്ടിൽ രേഖപ്പെടുത്തി കാലികമാക്കുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ ഇവ ഏതിനത്തിലുള്ള തുകകളാണെന്ന് മിനുട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. 450100101 എന്ന ഹെഡ്ഡിൽ 25-02-2023ൽ Previous Year Pending Receipt And Duplication Payment Correction Entry (2020-21, 2021-22) എന്ന ഹെഡ്ഡിൽ 19,13,791/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 1-2 ബജറ്റ്

ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 17-03-2022 തീയതിയിലെ യോഗത്തിലെ 28/22 നമ്പർ തീരുമാന പ്രകാരമുള്ള ബജറ്റ് ശുപാർശകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഉദയഗിരി ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തേക്കുള്ള കരട് ബജറ്റ് 21-03-22 തീയതിയിൽ രാവിലെ ചേർന്ന പ്രത്യേക യോഗത്തിൽ അവതരിപ്പിക്കുകയും (തീരുമാനം നമ്പർ-46/22(2)) 25-03-22 തീയതിയിൽ ചേർന്ന ഭരണസമിതിയുടെ സാധാരണ യോഗത്തിൽ 50/22 നമ്പർ തീരുമാന പ്രകാരം ഭേദഗതികളൊന്നുമില്ലാതെ അംഗീകരിക്കുകയുമുണ്ടായി. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 09/03/2023 തീയതിയിലെ യോഗത്തിലെ 16/23 നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കുന്നതുമായി ബന്ധപ്പെട്ട ശുപാർശ നൽകുകയും ഭരണസമിതിയുടെ 10-03-2023 തീയതിയിലെ സാധാരണ യോഗത്തിൽ 54/23(1) നമ്പർ തീരുമാന പ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകുകയുമുണ്ടായി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 2072403 | 2072403 |
| വരവ് | 279773722 | 142919412 |
| ആകെ | 281846125 | 144991815 |
| ചെലവ് | 280898322 | 144044012 |
| നീക്കിയിരിപ്പ് | 947803 | 947803 |

## 1-2-1 ബജറ്റ് ഡോക്യുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1. ബജറ്റ് കുറിപ്പുകൾ

2. ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

3. പെർഫോമൻസ് ബജറ്റ്

4. ജെൻഡർ ബജറ്റ്

5. ബജറ്റ് പ്രസംഗം

എന്നാൽ 2022-23 സാമ്പത്തിക വർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റുകൾ ആയി സൂക്ഷിച്ചിട്ടില്ല.

## 1-2-2 വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല.

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. വർദ്ധിച്ച് വരുന്ന ചെലവും ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയും പരിഗണിച്ച് അധിക വിഭവസമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച ന്യൂനതകൾ ആവർത്തിക്കാതിരിക്കുവാനും ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/ 2016/LSGD തീയതി 02-12-2016 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങളും മറ്റും പാലിക്കുവാനും ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 8270541 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 32948581 |
| ആകെ | 41219122 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 27838520 |
| നീക്കിയിരിപ്പ് | 13380602 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 490000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹7366436 |

റെസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവുകളിൽ വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എഫ് ടി ഒ മുഖേനയുള്ള വരവ് ചെലവ്, സാമൂഹ്യ സുരക്ഷാ പെൻഷൻ തുടങ്ങിയ പ്രധാന വരവ് ചെലവുകൾ ഉൾപ്പെടുന്നില്ല. അതുകൊണ്ട് തന്നെ മേൽ പട്ടിക പ്രകാരമുള്ള വരവ് ചെലവുകൾ പൂർണ്ണമല്ല.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | - | 22556000 | 22556000 | 20505658 | 2050342 |
| വികസന ഫണ്ട് (എസ്.സി.പി.) | - | 480000 | 480000 | 480000 | 0 |
| വികസന ഫണ്ട് (ടി.എസ്.പി.) | - | 3572000 | 3572000 | 3572000 | 0 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | - | 16547000 | 16547000 | 11302862 | 5244138 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | - | 5899000 | 5899000 | 3365831 | 2533169 |
| സെൻട്രൽ ഫിനാൻസ് | 1029500 | 4609365 | 5638865 | 4586365 | 1052500 |

| | | | | | |
|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 4487320 | 7788400 | 12275720 | 4826841 | 7448879 |
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 20340 | 70709760 | 70730100 | 70707254 | 22846 |
| ഐ.സി.ഡി.എസ് | 40435 | 927576 | 968011 | 121680 | 846331 |
| സമ്പൂർണ്ണ ശുചിത്വം | 133080 | - | 133080 | 133080 | 0 |
| ശുചിത്വ മിഷൻ | 2297354 | 578500 | 2875854 | 2310086 | 565768 |

കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികൾ സംബന്ധിച്ചുള്ള എ.സി.ആർ. പഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ചത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 187 | 116090533 | 136 | 62090725 | 8 | 128 | 51 | 68.45 |

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 4 | 2075500 | 1975000 | 95.16 |
| വെറ്റിനറി സർജൻ | 5 | 4 | 1458000 | 1088000 | 74.62 |
| മെഡിക്കൽ ഓഫീസർ- എഫ് എച്ച് സി | 14 | 10 | 3235541 | 2360884 | 72.97 |
| മെഡിക്കൽ ഓഫീസർ – ഹോമിയോ | 1 | 1 | 150000 | 150000 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 30 | 21 | 42482660 | 15668609 | 36.88 |
| ഐസിഡിഎസ് സൂപ്പർവൈസർ | 10 | 7 | 3554532 | 2964523 | 83.40 |

| | | | | | |
|---|---|---|---|---|---|
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 2600000 | 1632742 | 62.80 |
| സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 38 | 29 | 14391366 | 13611395 | 94.58 |
| അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 61 | 38 | 41155081 | 18125944 | 44.04 |
| ഹെഡ്മാസ്റ്റർ,ഗവ.യു.പി.സ്കൂൾ | 13 | 13 | 2682150 | 2283580 | 85.14 |
| അസിസ്റ്റന്റ് സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 9 | 8 | 2305703 | 2230048 | 96.72 |
| ആകെ | 187 | 136 | 116090533 | 62090725 | 53.48 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ഭരണ ചെലവ് | 20340 | 1741418 | 1761758 | 1738912 | 22846 |
| തൊഴിൽകൂലി + മെറ്റീരിയൽ | - | 68968342 | 68968342 | 68968342 | - |
| ആകെ | 20340 | 70709760 | 70730100 | 70707254 | 22846 |

## 1-7 ക്ഷേമപെൻഷൻ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക ₹ |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 222 | 2551800 |
| വിധവാ പെൻഷൻ | 673 | 7058400 |
| വാർദ്ധക്യകാല പെൻഷൻ | 2276 | 22925400 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 235 | 2584600 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 34 | 355600 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.10.2023 ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 400 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു .ഗ്രാമപഞ്ചായത്തിന്റെ ഇംപ്രസ്റ്റ് രജിസ്റ്റർ പ്രകാരമുള്ള കാഷ് നീക്കിയിരിപ്പ് 200/- രൂപയുൾപ്പെടെ (ബാലൻസ് ഷീറ്റ് ബി 18 ഷെഡ്യൂൾ കോഡ് -460100102കാണുക) ആകെ കാഷ് നീക്കിയിരിപ്പ്

600/-രൂപയാണ്. ഇംപ്രസ്റ്റ് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. പൊതുഭരണവും വിവിധ മേഖലകളിലെ പ്രവർത്തനവും അവലോകനം നടത്തിയത് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന് കാണുന്നു.
നികുതി നികുതിയേതര വരുമാനങ്ങൾ പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമത പുലർത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ പ്രധാന വരുമാനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ, അപേക്ഷകൾ, പത്രികകൾ തുടങ്ങിയ രേഖകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. പദ്ധതിചെലവുകളുമായും മറ്റ് ചെലവുകളുമായും ബന്ധപ്പെട്ട ഫയലുകൾ, രജിസ്റ്ററുകൾ, വിവിധ സ്റ്റോക്ക് രജിസ്റ്ററുകൾ, മിനിട്സ് എന്നിവയുടെ സൂക്ഷിപ്പ് തൃപ്തികരമാണ്.എന്നാൽ ഇൻകുംബൻസി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാത്തതും ഓഡിറ്റ് ഒബ്ജക്ഷൻ/റിക്കവറി രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കാത്തതും അപാകമാണ്. ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകൾ വഴി ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചുമതലാ ക്രമീകരണങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് വർഷം 10/22 മാസങ്ങളിലൊഴികെ (11/22മാസത്തെ മിനുട്സ് അപൂർണ്ണമാണ്) ബാക്കി എല്ലാ മാസങ്ങളിലും സ്റ്റാഫ് മീറ്റിംഗുകൾ ചേരുകയും സുഗമമായ ഓഫീസ് പ്രവർത്തനത്തിനുതകുന്നിനുള്ള തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്.

പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നും തന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാത്ത നിർമ്മാണവും വിപുലീകരണവും ക്രമവൽക്കരണം നടത്തി വസ്തുനികുതിയും ക്രമവൽക്കരണഫീസും ഈടാക്കുന്നുണ്ട്. എന്നാൽ ഇത്തരം അനധികൃതനിർമ്മാണപ്രവർത്തനങ്ങൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്ത് തുടർ നടപടി സ്വീകരിച്ച് യഥാസമയം നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നില്ല.

തൊഴിൽ നികുതി ഡാറ്റാ ബേസ് (തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും പേര് വിവരങ്ങളും തസ്തികകളും ഉൾപ്പെടുത്തിയ രജിസ്റ്റർ)തയ്യാറാക്കുന്നിലെ വീഴ്ച മൂലം തൊഴിൽ നികുതി ചുമത്തുന്നതിൽ നിന്ന് സ്ഥാപനങ്ങളും ജീവനക്കാരും ഒഴിവായിട്ടുണ്ട്.ഇക്കാരണത്താൽ നികുതി ചോർച്ചയുണ്ടാകുന്നത് പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗങ്ങളുടെ മിനുട്സ് സകർമ്മ സോഫ്റ്റ് വെയർ അപ്ലിക്കേഷൻ വഴിയാണ് രേഖപ്പെടുത്തി വരുന്നത്. യോഗങ്ങൾ ചേർന്ന ശേഷം തീരുമാനങ്ങൾ പ്രസിഡണ്ടിന്റെ അംഗീകാരത്തിനയക്കാൻ കാലതാമസം വരുത്തിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| യോഗം ചേർന്ന തീയതി | മിനുട്സ് അംഗീകാരത്തിനയച്ച തീയതി | മിനുട്സ് അംഗീകരിച്ച തീയതി |
|---|---|---|
| 05.11.22 | 12.12.22 | 12.12.22 |
| 24.12.22 | 07.02.23 | 07.02.23 |
| 13.01.23 | 07.02.23 | 07.02.23 |
| 10.02.23 | 14.03.23 | 14.03.23 |
| 20.03.23 | 02.05.23 | 02.05.23 |
| 30.03.23 | 02.05.23 | 02.05.23 |
| 20.07.23 | 19.08.23 | 19.08.23 |
| 24.08.23 | 20.10.23 | 20.10.23 |
| 20.09.23 | 20.10.23 | 20.10.23 |

ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചപ്പോൾ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലൊന്നും തന്നെ പദ്ധതി അവലോകനം അജണ്ടയായി ഉൾപ്പെടുത്തിയിട്ടില്ല എന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ട്. പദ്ധതി നിർദ്ദേശങ്ങൾ മാത്രമാണ് യോഗ തീരുമാനങ്ങളായി വന്നിട്ടുള്ളത്. ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളുടെയും മിനുട്സ് സമ്പൂർണ്ണമാക്കിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ നിക്ഷിപ്ത ചുമതലകൾ നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി വിഷയം അതാത്

വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയുള്ള സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ശ്രദ്ധയിൽ പെടുത്തുന്നു. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്ററിംഗ് നടത്തുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികളും കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്.

മേൽ അപാകതകൾ പരിഹരിക്കുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

എ) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ബി) കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, ഡി&ഒ ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

സി) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

ഡി) പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

ഇ) വാർഷികകണക്കുകൾ പ്രകാരം റവന്യൂ വരവിനെക്കാൾ റവന്യൂ ചെലവ് കൂടി വരുന്ന സാഹചര്യവും നിലവിലെ സാമ്പത്തിക സ്ഥിതിയും കണക്കിലെടുത്ത് ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ ഇത്തരത്തിലുള്ള പ്രതിമാസ റവന്യൂ വരവ്-ചെലവ് പരിശോധന നടത്തേണ്ടതും സാമ്പത്തികസ്ഥിതി അവലോകനം ചെയ്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

എഫ് )തനത് വരുമാനവർദ്ധനവിനുതകുന്ന എല്ലാ സ്രോതസ്സുകളും പരമാവധി പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജി) തൊഴിൽ നികുതി ഡാറ്റാ ബേസ് (തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളുടെയും പേര് വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ) തയ്യാറാക്കേണ്ടതാണ്.
മേൽ പരാമർശിച്ച അപാകങ്ങൾ പരിഹരിച്ച് ആഭ്യന്തരനിയന്ത്രണസംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടിസ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

പെർഫോമൻസ് ഓഡിറ്റിന്റെ ഭാഗമായുള്ള (പെർഫോമൻസ് ഓഡിറ്റ് നിർത്തലാക്കുന്നതിന് മുൻപ് നടത്തിയത് ) ഏറ്റവും ഒടുവിലത്തെ (നവംബർ 2022) റൂട്ടീൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള ഒരു തടസ്സം തീർപ്പാക്കുവാൻ ബാക്കിയുണ്ട്.അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് ഇതുവരെ നടന്നിട്ടില്ല.

## 1-11 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലും 2022 മെയ്, ആഗസ്റ്റ്, സെപ്തംബർ, ഡിസംബർ മാസങ്ങളിൽ ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. 2022-23 വാർഷിക പദ്ധതി രൂപീകരണം, അവലോകനം, ലൈഫ് പദ്ധതി 2020 ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ, 2022-23 വാർഷിക പദ്ധതി ഗുണഭോക്തൃ ലിസ്റ്റ് അന്തിമമാക്കൽ, വാർഷിക പദ്ധതി അവലോകനം, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ലേബർ ബജറ്റ്, ആക്ഷൻ പ്ലാൻ അംഗീകരിക്കൽ, വാതിൽപ്പടി സേവനം, വാർഷിക ഓഡിറ്റ് റിപ്പോർട്ട് അംഗീകരിക്കൽ മുതലായവ ഗ്രാമസഭയിലെ പ്രധാന അജണ്ടകളായി ഉൾപ്പെടുത്തുകയുണ്ടായി. ഗ്രാമസഭക്ക് മുന്നോടിയായി ഗ്രാമപഞ്ചായത്തിലെ 17 ഊരുകൂട്ടങ്ങളിലും യോഗം ചേർന്നിട്ടുണ്ട്.

## 1-12 തുക പിൻവലിച്ചതിന്റെ വിശദാംശങ്ങൾ ബാങ്ക് ബുക്കിൽ ലഭ്യമായിട്ടില്ല

തനത് ഫണ്ടുമായി ബന്ധപ്പെട്ട ഇടപാടുകൾക്കായുള്ള ആലക്കോട് സർവീസ് സഹകരണ ബാങ്കിന്റെ (കാർത്തികപുരം ബ്രാഞ്ച്) 002002000740 നമ്പർ അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റും ബാങ്ക് ബുക്കും പരിശോധിച്ചതിൽ സ്റ്റേറ്റ്മെന്റ് പ്രകാരം പിൻവലിച്ച തുകകൾ ബാങ്ക് ബുക്കിൽ രേഖപ്പെടുത്തൽ വന്നിട്ടില്ലെന്ന് കാണാൻ സാധിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ചെക്ക് നമ്പർ | തുക | തുക പിൻവലിച്ച തീയതി |
|---|---|---|

| (ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം) | | |
|---|---|---|
| 70998 | 331 | 02.04.2022 |
| 1050 | 1050 | 19.04.2022 |
| 70561 | 260 | 21.04.2022 |
| 179 | 27263 | 15.06.2022 |
| 2 | 1100 | 25.07.2022 |
| 27 | 24716 | 01.08.2022 |
| 31 | 23265 | 01.08.2022 |
| 28 | 23265 | 01.08.2022 |
| 32 | 24716 | 01.08.2022 |
| 25 | 30445 | 01.08.2022 |
| 33 | 10521 | 03.08.2022 |
| 83 | 24040 | 01.10.2022 |
| 81 | 25540 | 01.10.2022 |
| 80 | 31460 | 01.10.2022 |
| 82 | 25540 | 01.10.2022 |
| 84 | 24040 | 01.10.2022 |
| 300 | 31670 | 18.03.2023 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 22/28.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ബാങ്ക് ബുക്കിൽ രേഖപ്പെടുത്തൽ വരാതെ തുക പിൻവലിക്കുന്നത് സാമ്പത്തിക ക്രമക്കേടുകൾക്ക് ഇട വരാൻ സാധ്യതയുണ്ട്. ആയതിനാൽ മേൽ പട്ടികയിൽ പരാമർശിച്ച തുകകൾ പിൻവലിച്ചതിന്റെ വിശദാംശങ്ങൾ ആവശ്യമായ രേഖകൾ സഹിതം ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-13 ബഹുനില വാണിജ്യ കെട്ടിടത്തിന്റെ വസ്തു നികുതി- തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് നികുതി നിർണ്ണയത്തിൽ ഉൾപ്പെടുന്നില്ല. സാങ്കേതിക പിഴവ് ഐ.കെ.എം.ന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്താവുന്നതാണെന്നും, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്നും നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. അതായത് 100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിനെ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക്/ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങളുടെ തറ വിസ്തീർണം 250 ച.മീ-ൽ അധികം വരികയാണെങ്കിൽ തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ്(2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർ ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം) വസ്തു നികുതി നിർണയത്തിൽ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഫോം 6 ൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ പ്രകാരം താഴെപ്പറയുന്ന കെട്ടിടത്തിന്റെ തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് നികുതി നിർണ്ണയത്തിന് പരിഗണിച്ചിട്ടില്ല.

| കെട്ടിട ഉടമയുടെ പേര് | വാർഡ് നമ്പർ/ കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ.) |
|---|---|---|
| വിപിൻ ആന്റണി | 13/49 A, B, C, D, E, F, G, H, J, K, L, M, N, P, Q, R, S, T, U, V | 501.5 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21/28.10.2023) മറുപടിയായി മേൽ കെട്ടിടത്തിന്റെ തറ നിർമ്മാണത്തിന് ഉപയോഗിച്ചിരിക്കുന്നത് സാധാരണ ടൈൽസാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ സഞ്ചയയിൽ പ്രസ്തുത കെട്ടിടത്തിന്റെ തറ നിർമ്മിതി മേൽത്തരം തടി/ഇറ്റാലിയൻ മാർബിൾ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ പട്ടികയിലെ കെട്ടിടത്തിന്റെ തറ നിർമ്മിതി സംബന്ധിച്ച് സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് സാങ്കേതികപ്പിഴവ് ഐ.കെ.എം.ന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-14 അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

സഞ്ചയ പ്രകാരം ഉദയഗിരി ഗ്രാമ പഞ്ചായത്തിൽ മൂന്ന് അനധികൃത കെട്ടിടങ്ങളാണുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | ഉപയോഗ ക്രമം |
|---|---|---|---|
| 1 | VI/154 B | ഷക്കീന | പാർപ്പിടാവശ്യം |
| 2 | XIII/365 A | സുകുമാരൻ | പാർപ്പിടാവശ്യം |
| 3 | XIV/68 A | സുരേന്ദ്രബാബു | പാർപ്പിടാവശ്യം |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.05.2014 തിയതിയിലെ 29342/ആർ.എ1/2014/തസ്വഭവ നമ്പർ സർക്കുലറിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അനധികൃത നിർമ്മാണ രജിസ്റ്റർ സൂക്ഷിക്കേണ്ടതിനെക്കുറിച്ചും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ട വിവരങ്ങളെക്കുറിച്ചും വ്യക്തമായ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ അനധികൃത നിർമ്മാണ രജിസ്റ്ററിൽ മേൽ കെട്ടിടങ്ങളുടെ ചട്ടലംഘനങ്ങളുടെയും അവ പരിഹരിക്കപ്പെട്ടതിന്റെയും വിശദാംശങ്ങൾ, ചട്ടലംഘനത്തിനെതിരെ സ്വീകരിച്ച നടപടികൾ എന്നിവയൊന്നും രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/26.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പട്ടികയിലെ അനധികൃത കെട്ടിടങ്ങളുടെ ചട്ടലംഘനവുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ, ചട്ടലംഘനത്തിനെതിരെ സ്വീകരിച്ച നടപടികൾ എന്നിവ ലഭ്യമാക്കേണ്ടതും തദ്ദേശസ്വയംഭരണ വകുപ്പിന്റെ 19.05.2014ലെ നം.29342/RA1/ 2014/ത.സ്വ.ഭ.വ സർക്കുലറിന്റെ അനുബന്ധം 1 ൽ നിർദ്ദേശിച്ച മാതൃകയിൽ രജിസ്റ്റർ സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വിശദമായ മറുപടി ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലെയും ചുമത്തുന്നതിലെയും അപാകങ്ങൾ.

ഗ്രാമ പഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകതകളുണ്ട്.

A) ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്.

| സ്ഥാപനം | ജീവനക്കാരിയുടെ പേര് | തസ്തിക | അർദ്ധ വർഷം | ആകെ അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|
| FHC ഉദയഗിരി | ഷമിള പി എം | ക്ലീനിംഗ് സ്റ്റാഫ് | II | 63000 | 300<br>രസീത് നം. 1220104356 തീയതിഃ | 600 | 300 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | 30.03.23 | | | |

B) ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | അർദ്ധ വർഷം |
|---|---|
| ക്ഷീരോൽപാദക സഹകരണ സംഘം, ശാന്തിപുരം | I |
| ക്ഷീരോൽപാദക സഹകരണ സംഘം, ഉദയഗിരി | I,II |
| ക്ഷീരോൽപാദക സഹകരണ സംഘം, മണക്കടവ് | II |
| ക്ഷീരോൽപാദക സഹകരണ സംഘം, താളിപ്പാറ | II |
| റേഷൻ കട, ARD 256 | II |
| റേഷൻ കട, ARD 269 | II |
| റേഷൻ കട, ARD 68 | I,II |
| റേഷൻ കട, ARD 223 | I,II |

C) ഗ്രാമപഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ ഡാറ്റാബേസ് സൂക്ഷിക്കുന്നുണ്ടോ എന്ന് വ്യക്തമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.28/28.10.2023) മറുപടിയായി മേൽ പരാമർശിച്ച പ്രകാരം തൊഴിൽ നികുതി ഇനത്തിൽ കുറവ് വന്ന തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകിയിട്ടും തുക അടവാക്കാത്തതാണെങ്കിൽ പിഴ സഹിതം തുക ഈടാക്കേണ്ടതാണ്. തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-16 എഫ്.ടി.ഇ & ഒ എസ് ലൈസൻസ് - അപാകതകൾ.

31.10.2017ലെ ജി.ഒ.(പി) 80/2017 പ്രകാരം ഭേദഗതി വരുത്തിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ ഉൽപ്പാദനം, സേവനം എന്നീ രണ്ടു മേഖലകളിലായി അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മിനി, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകളായി തരം തിരിച്ച് ഓരോന്നിനും ബാധകമായ (പട്ടിക 2 ൽ പ്രതിപാദിച്ച പ്രകാരമുള്ള) ലൈസൻസ് ഫീസാണ് ഈടാക്കേണ്ടത്. ഗ്രാമപഞ്ചായത്തിലെ എഫ്.ടി. ഇ & ഒ.എസ് ലൈസൻസുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ലൈസൻസ് എടുക്കുന്നതിനായി/പുതുക്കുന്നതിനായുള്ള അപേക്ഷകളിൽ മൂലധനനിക്ഷേപം സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല. അപേക്ഷയോടൊപ്പം അപേക്ഷകന്റെ സെൽഫ് ഡിക്ലറേഷൻ സർട്ടിഫിക്കറ്റ് സൂക്ഷിച്ചിട്ടില്ല. മിക്ക അപേക്ഷകളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം, മൂലധനം, മാലിന്യങ്ങൾ നീക്കം ചെയ്യാൻ സംവിധാനം ഒരുക്കിയതിന്റെ വിവരങ്ങൾ, മോട്ടോറുകളുടെ കുതിരശക്തി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഇവ രേഖപ്പെടുത്താത്ത അപേക്ഷകളിൽ ലൈസൻസ് ഫീസ് നിർണയിച്ച് ഈടാക്കിയത് ക്രമപ്രകാരമല്ല. അപേക്ഷകളിൽ രേഖപ്പെടുത്തുന്ന മൂലധന നിക്ഷേപത്തിന്റെ ആധികാരികത പരിശോധിക്കപ്പെടുന്നില്ല. ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ലൈസൻസ് ലഭിക്കുന്നതിനായുള്ള അപേക്ഷകളിൽ സെക്ഷൻ ക്ലർക്കിന്റെ അന്വേഷണ റിപ്പോർട്ടും മേലുദ്യോഗസ്ഥന്റെ ശുപാർശയും സെക്രട്ടറിയുടെ അംഗീകാരവും രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ലായെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. ആയതിനാൽ ഫീസ് കണക്കാക്കിയതിന്റെ അടിസ്ഥാനം വ്യക്തമല്ല (കുറഞ്ഞ നിരക്കിലാണ് ഫീസ് ഈടാക്കി വരുന്നതെന്നും കാണുന്നു).

2) ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി, ഭരണസമിതി അംഗീകരിച്ച വാർഡ്തല ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3) 2022-23 സാമ്പത്തിക വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്തിൽ 8 ക്ഷീരസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ വിജയഗിരി, ശാന്തിപുരം, ശ്രീപുരം, കാർത്തികപുരം എന്നീ 4 ക്ഷീരസംഘങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്.

4) ചുവടെ ചേർത്ത സ്ഥാപനങ്ങൾ സമർപ്പിച്ച ലൈസൻസ് അപേക്ഷകളിലെ കെട്ടിട നമ്പറുകൾ ഒന്നാണ്.

| ലൈസൻസ് | കെട്ടിട | സ്ഥാപന ഉടമ | സ്ഥാപനം | ഈടാക്കിയ |
|---|---|---|---|---|

| രജിസ്റ്ററിലെ ക്രമ നമ്പർ | നമ്പർ | | | ലൈസൻസ് ഫീസ് |
|---|---|---|---|---|
| 254 | 3/89 | കുര്യാക്കോസ് | സ്റ്റേഷനറി കട | 200, രസീത് നം. 1220103051 തീ. 18.01.23 |
| 256 | 3/89 | ചാക്കോ ടി കെ | അനാദിക്കട | 200, രസീത് നം. 1220103049 തീ. 18.01.23 |

5) യന്ത്ര സാമഗ്രികൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന വെൽഡിംഗ് ഷോപ്പ്, അലൂമിനിയം ഫാബ്രിക്കേഷൻ ഷോപ്പ് മുതലായ സ്ഥാപനങ്ങളിൽ നിന്ന് മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കുന്നില്ല.

6) ഗ്രാമ പഞ്ചായത്ത് പരിധിയിൽ 9 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട് (21.02.2022ലെ ഭരണസമിതി യോഗത്തിലെ 34/2022 (8) നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്തിലെ 9 റേഷൻ കടകളിൽ വിജിലൻസ് സമിതികൾ രൂപീകരിച്ചിട്ടുള്ളതാണ്). എന്നാൽ 6 റേഷൻ കടകൾ മാത്രമാണ് 2022-23 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടുള്ളത്. അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/28.10.23) മറുപടിയായി നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-16-1 ലൈസൻസ് അനുവദിച്ച കെട്ടിടങ്ങളുടെ ഉപയോഗക്രമം വ്യത്യസ്തമാണ്

ഗ്രാമപഞ്ചായത്തിൽ 2022-23 കാലയളവിൽ എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുത്ത വ്യാപാര സ്ഥാപനങ്ങളുടെ കെട്ടിട നമ്പർ സഞ്ചയയിൽ പരിശോധിച്ചപ്പോൾ ചില കെട്ടിടങ്ങളുടെ ഉപയോഗക്രമം വ്യത്യസ്തമാണ്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | സംരംഭം | വാർഡ്/ കെട്ടിട നമ്പർ | ഉപയോഗ ക്രമം |
|---|---|---|---|---|
| 18 | സബിത്ത് പി എസ് | ഹെയർ ഓയിൽ, ടൂത്ത് പൗഡർ മുതലായവ നിർമ്മിച്ച് വിൽപ്പന | 6/207 A | പാർപ്പിടാവശ്യം |
| 21 | മുഹമ്മദ് ഇസ്മയിൽ | ടീ ഷോപ്പ് | 6/150 A | സഞ്ചയയിൽ ലഭ്യമല്ല |
| 83 | ജോയി ജോർജ്ജ് | അക്ഷയ സെന്റർ | 14/31 | സഞ്ചയയിൽ ലഭ്യമല്ല |
| 109 | ത്രേസ്യ സെബാസ്റ്റ്യൻ | കാർഷിക മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവും വിൽപ്പനയും | 9/330 | പാർപ്പിടാവശ്യം |
| 110 | ഷാജി കെ ആർ | ടൈലറിംഗ് ഷോപ്പ് | 11/79 | പാർപ്പിടാവശ്യം |
| 145 | ജോസഫ് ചാക്കോ | അനാദിക്കട | 3/288 | പാർപ്പിടാവശ്യം |
| 149 | സന്തോഷ് കുമാർ വി ടി | സുഗന്ധ വ്യഞ്ജന വിൽപ്പന | 6/315 | പാർപ്പിടാവശ്യം |
| 176 | ബിജു ഇ ആർ | ഔട്ട് ഡോർ കാറ്ററിംഗ് സർവ്വീസ് | 15/315 | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് |
| 186 | മനീഷ രജീഷ് | പപ്പട നിർമ്മാണം | 8/206 A | വ്യവസായത്തിനാവശ്യമുള്ളവ- |

| | | | | |
|---|---|---|---|---|
| | | | | കൈത്തറി ഷെഡ്, കയർപിരി ഷെഡ് |
| 190 | സിബി വർഗ്ഗീസ് | സിബി അസോസിയേറ്റ്സ് ജോബ് വർക്ക്സ് | 6/124 A1 | സഞ്ചയയിൽ ലഭ്യമല്ല |
| 231 | ജലീൽ പി എച്ച് | സോഡ നിർമാണ യൂണിറ്റ് | 6/194 | വാണിജ്യാവശ്യ ത്തിനുള്ളവ ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ |
| 237 | മാത്യു | മലഞ്ചരക്ക് വ്യാപാരം | 9/55 | വാണിജ്യാവശ്യ ത്തിനുള്ളവ ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ |
| 300 | ബാബു പാറക്കോട്ടിയേൽ | പലചരക്ക് കട | 3/271 | സഞ്ചയയിൽ ലഭ്യമല്ല |
| 311 | അനശ്രീ കരുണാകരൻ | ഫാൻസി കട | 11/363 B | സഞ്ചയയിൽ ലഭ്യമല്ല |
| 312 | ശശിധരൻ വി എസ് | പലചരക്ക് കട | 11/711 | സഞ്ചയയിൽ ലഭ്യമല്ല |

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30/28.10.2023) മറുപടിയായി 2018ലെ കേരള - നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട് പ്രകാരവും വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ 1996 ചട്ട പ്രകാരവും ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് കെട്ടിടത്തിന്റെ തരം നോക്കാതെ ലൈസൻസ് അനുവദിക്കാം എന്നതിലാണ് മേൽ പട്ടികയിലെ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ കെട്ടിടങ്ങളുടെ പഴയ നമ്പർ രേഖപ്പെടുത്തി വർഷങ്ങളായി ലൈസൻസ് പുതുക്കി വരുന്നത് കൊണ്ടാണ് ചില കെട്ടിട നമ്പറുകൾ സഞ്ചയയിൽ ഇല്ലാത്തതെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ ലൈസൻസ് അനുവദിക്കുന്നതിലൂടെ പഞ്ചായത്തിന് വസ്തു നികുതി ഇനത്തിൽ വരുമാന ചോർച്ച ഉണ്ടാകുന്നുണ്ട്. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിച്ച് ആവശ്യമാണെങ്കിൽ പുതിയ നിരക്കിലുള്ള നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-17 ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

2022-23 കാലയളവിൽ എഫ് ടി ഇ & ഒ ലൈസൻസ് എടുത്ത താഴെ പറയുന്ന വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം |
|---|---|---|
| 13 | റോസ് മരിയ മാരേജ് ബ്യൂറോ & ഹോം നഴ്സിംഗ് | 4 |
| 26 | എക്കോ പേപ്പർ ബാഗ്സ് | 5 |
| 28 | ഹോട്ടൽ ബാബൂസ് | 3 |

| | | |
|---|---|---|
| 31 | പാറേക്കുളം JMJ പെട്രോളിയം | 4 |
| 104 | ജനകീയ ഹോട്ടൽ | 4 |
| 177 | ഗോൾഡൻ ഡ്രോപ്സ് ഹണി (തേൻ സംഭരിച്ച് ശുദ്ധീകരിച്ച് വിൽപന) | 4 |
| 194 | ഹോട്ടൽ സാഗർ | 3 |
| 199 | ശ്രീപുരം ക്ഷീരോൽപാദക സഹകരണ സംഘം | 3 |
| 202 | കാവുംപുറത്ത് ഹോളോ ബ്രിക്സ് | 3 |
| 289 | സ്റ്റാർ റെന്റൽ യൂണിറ്റ് സർവ്വീസ് | 4 |
| 310 | മരിയ ബ്യൂട്ടി പാർലർ | 3 |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ തൊഴിലുടമകളിൽ നിന്നും 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം ജീവനക്കാരുടെ വരുമാനത്തെയോ, ശമ്പളത്തെയോ കുറിച്ചുള്ള വിവരങ്ങൾ ആവശ്യപ്പെടുകയോ, ചട്ടം 17 പ്രകാരം നികുതി നിർണ്ണയിക്കുകയോ, ചട്ടം 18 പ്രകാരം ഡിമാൻറ് ചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.29/28.10.2023) മറുപടിയായി മേൽ പരാമർശിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഇനത്തിൽ കുറവ് വന്ന തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-18 ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളും മറ്റ് മുറികളും വാടകയ്ക്ക് നൽകൽ -വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

മണക്കടവിൽ സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് കൊടുത്തതുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകങ്ങളുണ്ട്. ഇവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 38/31.10.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി പരിശോധിച്ച ശേഷം തീർപ്പാക്കാൻ അവശേഷിക്കുന്ന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) 11/714 നമ്പർ കെട്ടിടം 2022 ഡിസംബർ മാസം മുതൽ വാടകയ്ക്ക് നൽകിയിട്ടില്ല. ആയത് വാടകയ്ക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) ഷോപ്പിംഗ് കോംപ്ലക്സിൽ ആകെയുള്ള 19 മുറികളിൽ 7 എണ്ണം വാടകയ്ക്ക് കൊടുക്കാതെ ഒഴിഞ്ഞു കിടക്കുന്നവയാണ്. വാടക രജിസ്റ്ററിലും ഇത് സംബന്ധിച്ച് രേഖപ്പെടുത്തലുകൾ ഇല്ല. ആയവ വാടകയ്ക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-19 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടില്ല.

സർക്കാരിന്റെ 28/09/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും, ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുവാനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ട ടെണ്ടർ ഫീസ് ഇനത്തിലെ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയറുടെ അക്കൗണ്ടിലേക്ക് അനുവദിക്കുകയാണ് ആദ്യഘട്ടത്തിൽ ചെയ്തിരുന്നത്. പിന്നീട് നിർവഹണഉദ്യോഗസ്ഥന്റെ പേരിൽ തന്നെ നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ആരംഭിച്ച് പ്രസ്തുത അക്കൗണ്ടിൽ ഇ-ടെണ്ടർ മുഖേനയുള്ള ടെണ്ടർ ഫീസിനത്തിലുള്ള തുക ക്രെഡിറ്റ് ചെയ്യുന്നതിന് നിർദ്ദേശം നൽകിയിരുന്നു. നിർവഹണഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എൻജിനീയറുടെ പേരിൽ നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ആരംഭിച്ചതിന് ശേഷം ഇ-ടെണ്ടർ ഫീസിനത്തിലുള്ള തുക സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ആലക്കോട് ശാഖയിലെ 37863443765 നമ്പർ കറന്റ് അക്കൗണ്ടിലേക്ക് ക്രെഡിറ്റായിട്ടുണ്ടെങ്കിലും (ഹാജരാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് 01-04-2022 മുതൽ 31-03-2023 വരെ) പ്രസ്തുത തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റിയിട്ടില്ല. 31-03-2023 തീയതിയിൽ 64205/- രൂപ പ്രസ്തുത അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. പലിശ രഹിത കറന്റ് അക്കൗണ്ടിലുള്ള തുക ഗ്രാമപഞ്ചായത്ത് തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റിയിട്ടില്ല.

ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ഇ-ടെണ്ടർ ഫീസിനത്തിൽ ഗ്രാമപഞ്ചായത്തിന് 2018-19 വർഷം മുതൽ 2021-22വരെയുള്ള കാലയളവിൽ 2,47,249/- രൂപ ലഭിക്കുവാൻ ബാക്കിയുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| വർഷം | തുക |
|---|---|
| 2018-19 | 42350 |
| 2019-20 | 36200 |
| 2020-21 | 81509 |
| 2021-22 | 87290 |
| ആകെ | 2,47,349 |

ഇ-ടെണ്ടർ മുഖേന അസിസ്റ്റന്റ് എൻജിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റായി വന്ന തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനും ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ലഭിക്കുവാൻ ബാക്കിയുള്ള തുക ലഭ്യമാക്കുന്നതിനും ബാങ്ക് ചാർജ് ഈടാക്കിയത് തിരികെ ലഭിക്കുന്നതിനും നടപടി സ്വീകരിക്കുമെന്ന് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/27-10-2023) അസിസ്റ്റന്റ് എൻജിനീയർ മറുപടി നൽകി. തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 ഗ്രാമപഞ്ചായത്തിലെ തനത് വരുമാന സ്രോതസ്സുകൾ -നിലവിലെ സ്ഥിതി സംബന്ധിച്ച അവലോകനം

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തണമെന്ന് സർക്കാർ നിർദേശിച്ചിട്ടുണ്ട്. ഉദയഗിരി ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ ടാക്സ് ഓഡിറ്റിന്റെ അവലോകനം താഴെ കൊടുക്കുന്നു.

01-03-2022 മുതൽ 31-03-2023 വരെ ഉദയഗിരി ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 19 യോഗങ്ങൾ ചേർന്നിട്ടുണ്ട്. നിശ്ചിത ഇടവേളകളിൽ വസ്തുനികുതി പിരിവ് പുരോഗതി അവലോകന യോഗങ്ങളും മറ്റ് നികുതി/നികുതിയേതര വരവുകളുടെ ഡിമാന്റിംഗ്-പിരിവ് പുരോഗതി അവലോകന യോഗങ്ങളും ചേർന്നിട്ടുണ്ട്.

വസ്തുനികുതി

2011ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ പ്രകാരം തറവിസ്തീർണ്ണത്തിന്റെയടിസ്ഥാനത്തിൽ പുതിയ കെട്ടിടങ്ങൾക്ക് 2011 ജനവരി 14 മുതലും നിലവിലുള്ള കെട്ടിടങ്ങൾക്ക് (വാർഷിക വാടകമൂല്യത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിച്ചിരുന്നത്) 2013 എപ്രിൽ 1 മുതലുമാണ് വസ്തുനികുതി പരിഷ്കരണം പ്രാബല്യത്തിൽ വന്നത്. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 203 പ്രകാരം സർക്കാർ നിശ്ചയിച്ച ഏറ്റവും കുറഞ്ഞതും കൂടിയതുമായ അടിസ്ഥാനവസ്തുനികുതി നിരക്കുകൾക്ക് അവ നിലവിൽ വന്ന തീയതി മുതൽ അഞ്ച് വർഷക്കാലമാണ് പ്രാബല്യമുണ്ടായിരുന്നത്. അടുത്ത അഞ്ച് വർഷക്കാലത്തേക്കുള്ള അടിസ്ഥാന വസ്തുനികുതി നിരക്കുകളും നിരക്കുകളുടെ പരിധികളും സർക്കാർ പുതുക്കി നിശ്ചയിക്കേണ്ടതായിരുന്നു. ഇതു പ്രകാരം 2018-19 (01-04-2018പ്രാബല്യത്തിൽ) സാമ്പത്തിക വർഷം മുതൽ അടുത്ത അഞ്ച് വർഷത്തേക്കുള്ള വസ്തുനികുതി പരിഷ്കരണവും പ്രാബല്യത്തിൽ വരേണ്ടതായിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലും വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച സർക്കാരിന്റെ 22-03-2023 തീയതിയിലെ സ.ഉ (കൈ) നമ്പർ 77/2023 /തസ്വഭവ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം 01-04-2023 തീയതി പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. നിലവിലുള്ള കെട്ടിടങ്ങൾക്ക് വർഷം തോറും അഞ്ച് ശതമാനം എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിലും 2023-24 ൽ പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾക്ക് സ.ഉ (അച്ചടി) 25/23, തീയതി 05-04-2023 ഗസറ്റ് വിജ്ഞാപനപ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കുകളുടെ അടിസ്ഥാനത്തിലുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഉദയഗിരി ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് കൊണ്ട് ഭരണസമിതിയുടെ 04.08.2023 തീയതിയിലെ 4/142/2023 നമ്പർ തീരുമാന പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയർ അപ്ഡേഷൻ വന്നിട്ടില്ലാത്തതിനാൽ നിലവിൽ പുതിയ നിരക്കിൽ നികുതി ഈടാക്കി തുടങ്ങിയിട്ടില്ല.

തൊഴിൽനികുതി .

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾപ്രകാരം വ്യക്തികൾ, സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കുവാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രോഫഷണലുകൾ, വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ, എൻജിനീയർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യസ്കൂൾ, കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. കൂടാതെ FTE&OS ലൈസൻസ് എടുത്ത നിരവധി വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. എല്ലാ വിഭാഗം പ്രൊഫഷണലുകളുടെയും, വ്യാപാരികളുടെയും, വ്യവസായികളുടെയും, അസംഘടിത മേഖലയിലെ തൊഴിലാളികളുടെയും, സ്വയം തൊഴിൽ ചെയ്യുന്ന വ്യക്തികളുടെയും സമ്പൂർണ്ണ ഡാറ്റാ ബേസിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതിയിനത്തിലുണ്ടാകുന്ന വരുമാന ചോർച്ച പരിഹരിക്കേണ്ടതാണ്.

അനധികൃത നിർമ്മാണം

ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണവും വിപുലീകരണവും നടത്തുകയും പിന്നീട് ക്രമവൽക്കരണം നടത്തി നികുതി ഈടാക്കി വരുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്ത് തുടർനടപടി സ്വീകരിച്ച് യഥാസമയം നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് സാധിച്ചിട്ടില്ല. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയ വേളയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ 9 ബി ഫാറത്തിൽ നൽകിയവരുടെ എണ്ണം 329 ആണ്. ഗ്രാമപഞ്ചായത്തിൽ അനധികൃതനിർമ്മാണങ്ങൾ യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ഫീൽഡ് പരിശോധന നടത്തി അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

സേവനഉപനികുതി

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രെയ്നേജ് തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

FTE&OS ലൈസൻസ്

ലൈസൻസ് ഫീസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഈടാക്കുന്നതെങ്കിലും മൂലധന നിക്ഷേപത്തിന്റെ ആധികാരികത ഉറപ്പുവരുത്തുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല .താരതമ്യേന ഉയർന്ന മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്ന് പരമാവധി ലൈസൻസ് ഫീസ് ഈടാക്കുന്നതിന് സാധിക്കുന്ന തരത്തിൽ പരിശോധന കാര്യക്ഷമമാക്കേണ്ടതാണ്. ഉയർന്ന മൂലധന നിക്ഷേപം ഉണ്ടാകാൻ സാധ്യതയുള്ള സംരംഭങ്ങളുടെ കാര്യത്തിൽ മൂലധന നിക്ഷേപത്തിന്റെ കൃത്യത വ്യക്തമായ രേഖകൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. കൂടുതൽ തുക മുതൽമുടക്കുള്ള വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയവ ഫീൽഡ് പരിശോധനയിൽ കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന്1996 ലെ കേരള പഞ്ചായത്ത്‌രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 18, 19 പട്ടിക III പ്രകാരമുള്ള മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ യന്ത്ര സാമഗ്രികൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന വെൽഡിംഗ് ഷോപ്പ്, അലൂമിനിയം ഫാബ്രിക്കേഷൻ ഷോപ്പ് മുതലായ സ്ഥാപനങ്ങളിൽ നിന്ന് മോട്ടോർ റണ്ണിംഗ് ഫീസ്

ഈടാക്കുന്നില്ല. മോട്ടോർ റണ്ണിംഗ് ഫീസ്, മോട്ടോർ റണ്ണിംഗ് ഇൻസ്റ്റലേഷൻ ഫീസ് ഇനങ്ങളിലുള്ള തുകകൾ കൃത്യമായി ഈടാക്കി ഈയിനത്തിലുള്ള വരുമാന ചോർച്ച പരിഹരിക്കേണ്ടതാണ്.

കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, എഫ്.ടി.ഇ & ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേൽപ്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്തം ബന്ധപ്പെട്ടവർ നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്. നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നത് യഥാസമയം ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് അധിക വിഭവ സമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കാവുന്നതാണ്.

തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ .

1. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

2. സഞ്ചയയിൽ തെറ്റായ രേഖപ്പെടുത്തലുകൾ വരുത്തി നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ കാര്യത്തിൽ ഫീൽഡ് പരിശോധന നടത്തി ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഫീൽഡ് പരിശോധന നടത്തി സഞ്ചയയിൽ നികുതി ഇളവ് രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾ നികുതി ഇളവിന് അർഹമാണോ എന്ന കാര്യം കൂടി പരിശോധിച്ച് ഉറപ്പുവരുത്താവുന്നതാണ്.

3. ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തുകയോ കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ചെയ്ത കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നികുതി നിർണ്ണയപരിധിയിൽ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി എൻജിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ ക്രമവൽക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.

4. വരവിനങ്ങളുടെ കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും കുടിശ്ശിക തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

5. ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കി സാമ്പത്തികനില മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കാവുന്നതാണ്.

6. ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള പുഴ പുറമ്പോക്കുകൾ, മറ്റ് സ്ഥലങ്ങൾ മുതലായവ സർക്കാരിന്റെ വിവിധ ടൂറിസം പദ്ധതികളുമായി സംയോജിപ്പിച്ച് തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

7. ഗ്രാമപഞ്ചായത്ത് പരിധിയിൽ അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്/സ്റ്റേഡിയം, നീന്തൽകുളങ്ങൾ, കേബിൾ ടിവി നെറ്റ്‌വർക്ക്, പ്രദർശന വിപണന മേളകൾ മുതലായവ നിലവിലുണ്ടെങ്കിൽ ആയവയിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള സാധ്യതകൾ ഭരണസമിതി പരിശോധിച്ച് ഇതിനായി സർക്കാരിലേക്ക് ശിപാർശ ചെയ്യേണ്ടതാണ്.

8. 01-04-2023 പ്രാബല്യത്തിൽ വരുന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളിലും ഫീൽഡ് പരിശോധന നടത്തി ന്യൂനതകൾ പരിഹരിക്കേണ്ടതും അനധികൃതനിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ച് വസ്തു നികുതി ഈടാക്കാവുന്നതുമാണ്.

9. സേവനഉപനികുതി ചുമത്തുവാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

10. വാർഡ് വൈസ് ട്രേഡ്സ് ലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയെങ്കിലും ആയതിൽ 2021-22 സാമ്പത്തിക വർഷം വരെയുള്ള സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ മാത്രമാണുള്ളത്. ട്രേഡേഴ്സ് ലിസ്റ്റ് ഭരണസമിതിയുടെ അംഗീകാരത്തോടെ കാലികമാക്കി സൂക്ഷിക്കേണ്ടതും പട്ടികയിൽ ഉൾപ്പെട്ട സ്ഥാപനങ്ങൾ വസ്തു നികുതി, തൊഴിൽ നികുതി, FTE&OS ലൈസൻസ് ഫീസ്, മറ്റ് ലൈസൻസ് ഫീസുകൾ മുതലായവ കൃത്യമായി ഒടുക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

11. യന്ത്ര സാമഗ്രികൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് മോട്ടോർ റണ്ണിംഗ് ഫീസ്, മോട്ടോർ റണ്ണിംഗ് ഇൻസ്റ്റലേഷൻ ഫീസ് ഇനങ്ങളിലുള്ള തുകകൾ കൃത്യമായി ഈടാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

മേൽ സൂചിപ്പിച്ച പോരായ്മകൾ പരിഹരിച്ച് തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കി വരുമാന വർദ്ധനവിനാവശ്യമായ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

പതിനാലാം പഞ്ചവത്സരപദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ച സർക്കാരിന്റെ സ.ഉ(കൈ)നം.84/22/തസ്വഭവ തീയതി 19/04/2022 ഉത്തരവ് ഖണ്ഡിക 5.1 ൽ വിഭവസമാഹരണം

സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ ഉൾക്കൊണ്ടു കൊണ്ട് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്. ഇതോടൊപ്പം തന്നെ തനത് ഫണ്ടിൽ നിന്നുള്ള അനാവശ്യ ചെലവുകൾ കുറയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-21 സൗരോർജ തൂക്കു വേലി നിർമ്മാണം ആരംഭിച്ചില്ല.₹70,00,000 (എഴുപത് ലക്ഷം രൂപ)തടസ്സപ്പെടുത്തുന്നു.

ഉദയഗിരി ഗ്രാമ പഞ്ചായത്തിൽ കർണ്ണാടക വനാതിർത്തിയോട് ചേർന്ന 13 കിലോ മീറ്ററോളം ദൂരം (എസ്റ്റിമേറ്റ് പ്രകാരം 9 KM ,അപ്പർ ചീക്കാട് -വാർഡ് 10 മുതൽ ജോസ് ഗിരി-വാർഡ് 3 വരെ) ഹാംഗിംഗ് സോളാർ ഫെൻസിംഗ് നിർമ്മിക്കുന്നതിനായി 2022-23 വർഷത്തിൽ ₹7000000 ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസി & ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കണ്ണൂർ ഡിവിഷന് കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | S0121/23 |
| പ്രോജക്ടിന്റെ പേര് | സൗരോർജ്ജ തൂക്കു വേലി നിർമ്മാണം |
| എസ്റ്റിമെറ്റ് തുക | ₹7500000 |
| അടങ്കൽ | ₹7000000<br>₹1500000 വികസന ഫണ്ട് പൊതു വിഭാഗം<br>₹500000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹5000000 ജില്ലാ പഞ്ചായത്ത് വിഹിതം |
| ചെലവഴിച്ച തുക | ₹7000000 |
| ബിൽ നമ്പർ, തീയ്യതി | 1) 179/16-02-2023/₹1500000<br>(വികസന ഫണ്ട് പൊതു വിഭാഗം)<br>(എ.സി.ആർ. പ്രകാരം)<br>2) BRN No.22190952000501207315/17-02-2023/<br>₹500000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>3) BRN 22190952000501214872/20-02-2023/ ₹5000000<br>(ജില്ലാ പഞ്ചായത്ത് വിഹിതം) |

മേൽ സൂചിപ്പിച്ച തുകയുടെ വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല. 2023 ഫെബ്രുവരി 23ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസി & ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കണ്ണൂർ എന്നവരുമായി ഏർപ്പെട്ട കരാർ അനുസരിച്ച് തുക കൈപ്പറ്റി 2 മാസത്തിനകം പ്രവൃത്തി പൂർത്തിയാക്കേണ്ടതുണ്ട്. എന്നാൽ പ്രവൃത്തി ഇതുവരെ ആരംഭിച്ചതായി കാണുന്നില്ല. കരാർ വ്യവസ്ഥകളിലെ ക്രമ നമ്പർ 4 അനുസരിച്ച് പ്രവൃത്തി പൂർത്തിയായതിനു ശേഷം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, എഫ്.ഡി.എ ബാക്കി തുക വിനിയോഗ സാക്ഷ്യപത്രം സഹിതം ഗ്രാമപഞ്ചായത്തിന് നൽകേണ്ടതാണ്. കരാർ വ്യവസ്ഥ ക്രമ നമ്പർ 5 അനുസരിച്ച് ഡെപ്പോസിറ്റ് ചെയ്ത തുകയുടെ പലിശ ഇനത്തിൽ എന്തെങ്കിലും തുക ലഭിക്കുകയാണെങ്കിൽ ആയതും ഗ്രാമ പഞ്ചായത്തിന് കൈമാറേണ്ടതുണ്ട്. എസ്റ്റിമേറ്റ് തുകയായ ₹7500000ൽ ₹7000000 2022-23 വർഷം കൈമാറിയിരുന്നു. ബാലൻസ് ഷീറ്റിൽ ആസ്തിയായാണ് ഈ തുക രേഖപ്പെടുത്തിയത്. അഡ്വാൻസ് രജിസ്റ്ററിൽ പ്രസ്തുത തുക നൽകിയത് ഉൾപ്പെടുത്തിയിട്ടില്ല. പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി ബാക്കി തുക നൽകിയിട്ടുണ്ടോ, സൗരോർജ്ജ വേലിയുടെ പ്രവൃത്തി നിർവ്വഹണം നിലവിൽ ഏത് ഘട്ടത്തിലാണ് എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (എൻക്വയറി നമ്പർ-18/27-10-2023) മറുപടിയിൽ ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യത്തിൽ ബഹുവർഷ പ്രോജക്ട് ആക്കി മാറ്റി 2023-24ൽ തുടരുന്നുണ്ടെന്ന് അറിയിച്ചെങ്കിലും മറ്റ് വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. കരാർ പ്രകാരം നിശ്ചയിച്ച സമയപരിധി കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിക്കാത്ത സാഹചര്യത്തിൽ ചെലവ് തുകയായ ₹70,00,000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 സ്മാർട്ട് ഐ പദ്ധതി. വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല. ചെലവ് തുക 1,77,000/- രൂപ

ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 201/23 |
| പ്രോജക്ടിന്റെ പേര് | സ്മാർട്ട് ഐ – ഫേസ് I |
| അടങ്കൽ | ₹177000 വികസന ഫണ്ട് പൊതു വിഭാഗം |
| ചെലവഴിച്ച തുക | ₹177000 |
| ബിൽ നമ്പർ, തീയതി | 176/14-2-23/₹,177,000 ( ACR പ്രകാരം) |

മേൽ സൂചിപ്പിച്ചതു പ്രകാരമുള്ള തുക കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ അക്കൌണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (എൻക്വയറി നമ്പർ-5/25-10-2023) മറുപടിയോടൊപ്പം പദ്ധതി പ്രവർത്തനങ്ങൾ നടന്നു വരികയാണെന്നും പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നുമുള്ള ജില്ലാ പഞ്ചായത്തിന്റെ മറുപടി (26-10-2023ലെ JSI-4470/22) ഹാജരാക്കിയിരുന്നു. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക ₹1,77,000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 സർക്കാർ അനുമതിയില്ലാതെ ചൂടാറാപ്പെട്ടി (റൈസ് കുക്കർ) വിതരണം- ചെലവ് തുക ₹4,90,000 നിരാകരിക്കുന്നു

ഉദയഗിരി ഗ്രാമ പഞ്ചായത്തിനെ കാർബൺ തുലിത പഞ്ചായത്താക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി ഹരിത ഗൃഹ വാതകങ്ങളുടെ ബഹിർ ഗമനം കുറയ്ക്കുന്നതിന്റെ ഭാഗമായി വിറക് ഉപയോഗം പരിമിതപ്പെടുത്തുന്നതിനായി പഞ്ചായത്തിലെ സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളതും പാചകത്തിനായി വിറകടുപ്പിനെ കൂടുതൽ ആശ്രയിക്കുന്നവരുമായ കുടുംബാംഗങ്ങൾക്ക് ചൂടാറാപ്പെട്ടികൾ വിതരണം ചെയ്യുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച "കാർബൺ ന്യൂട്രൽ ചൂടാറാപ്പെട്ടി വിതരണം" എന്ന പ്രോജക്ടിന്റെ നിർവഹണത്തിന്റെ ഭാഗമായി ഉദയഗിരി ഗ്രാമ പഞ്ചായത്തിലെ 182 കുടുംബങ്ങൾക്ക് റൈസ് കുക്കർ വിതരണം ചെയ്തിട്ടുണ്ട്. പ്രോജക്ടിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | S0171/23 |
| അടങ്കൽ | ₹4,90,000 വികസന ഫണ്ട് |
| ചെലവഴിച്ച തുക | ₹4,90,000 |
| ബിൽ നമ്പർ, തീയതി | 252/18-03-2023 |

മേൽ സൂചിപ്പിച്ച പ്രോജക്ടിന്റെ നിർവഹണത്തിന്റെ ഭാഗമായി ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ അർജ്ജുൻ അസോസിയേറ്റ്സ്, കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും 2700/- രൂപ നിരക്കിൽ 182 ചൂടാറാപ്പെട്ടികൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് താഴെ ചേർക്കും പ്രകാരമുള്ള അപാകങ്ങൾ കാണുന്നു.

1) 28-05-2022ലെ സ.ഉ.(കൈ) നമ്പർ 115/2022/ത.സ്വ.ഭ.വ. നമ്പറായുള്ള സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക 3.5.(2) അനുസരിച്ച് സംസ്ഥാന സർക്കാർ സ്കീമുകൾ, നൂതന പ്രോജക്ടുകൾ എന്നിവയല്ലാത്ത പ്രോജക്ടുകളുടെ കാര്യത്തിൽ മാർഗരേഖയിൽ ഉൾപ്പെടാത്ത ഇനങ്ങൾക്ക് സർക്കാരിന്റെ അനുമതിയോടു കൂടി മാത്രമേ സബ്സിഡി നൽകാൻ പാടുള്ളൂ. മേൽ സൂചിപ്പിച്ച പദ്ധതിക്ക് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതാണെന്ന് ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി (എൻക്വയറി നമ്പർ: 31/28-10-2023) നൽകിയെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. നൂതന പ്രൊജക്ട് എന്ന നിലയിൽ പദ്ധതി മാർഗ്ഗരേഖയിലെ 3.8.5ലെ നിബന്ധനകൾ പാലിക്കാത്തതിനാലും സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 2.2, 3.5(2) എന്നിവയിൽ പറഞ്ഞ പ്രകാരം സർക്കാരിന്റെ മുൻ അനുമതി വാങ്ങാത്തതിനാലും ചെലവു തുക 4,90,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരിച്ചടക്കുകയോ സർക്കാരിൽ നിന്നുള്ള അനുമതി ഹാജരാക്കുകയോ ചെയ്ത് നിരാകരണം ഒഴിവാക്കേണ്ടതാണ്.

## 1-24 ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്-₹3970 അധികം നൽകിയത് തടസ്സപ്പെടുത്തുന്നു

ഗ്രാമപഞ്ചായത്തിലെ ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനാണ് പ്രൊജക്ട് ലക്ഷ്യം വയ്ക്കുന്നത്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| പ്രോജക്റ്റ് നം | 14/23 |
| അടങ്കൽ<br>ആകെ-₹727240 | ₹387240 വികസന ഫണ്ട് (പൊതു വിഭാഗം)<br>₹255000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹85000 ജില്ലാ പഞ്ചായത്ത് വിഹിതം |
| ചെലവ്<br>ആകെ-<br>₹723510 | ₹387240 വികസന ഫണ്ട് (പൊതു വിഭാഗം)<br>₹255000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹81270 ജില്ലാ പഞ്ചായത്ത് വിഹിതം |
| ബിൽ നം./തിയതി | 206160 -BRN 1037262/12.1.23<br>263000-BRN 1036994/12.1.23<br>124240-BRN 1227343/22.2.23<br>67270-BRN 1239681/24.2.23<br>48840-BRN 1434336/22.3.23<br>14000-BRN 1436008/22.3.23 |

സ.ഉ(കൈ)നം.115/2022/LSGD തി:28.05.22, ഖ:7.1.6 പ്രകാരമുള്ള തുകയാണ് സ്കോളർഷിപ്പായി നൽകുന്നത്. താഴെക്കൊടുത്തിരിക്കുന്ന വിദ്യാർത്ഥികൾക്ക് 2022-23 വർഷം അധിക തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | പേര് | വൈകല്യം | പഠിക്കുന്ന ക്ലാസ്സ് | നൽകിയ തുക | അനുവദ നീയമായ തുക | അധികം |
|---|---|---|---|---|---|---|
| 1 | ആഷിൻ സൈമൺ | കേൾവിക്കുറവ് | B-Tech | 14650 | 13000 (1000x12 +1000) | 1650 |
| 2 | നന്ദന ഗിരീഷ് | കാഴ്ചക്കുറവ് | Plus One | 9700 | 8000 (600x12+800) | 1700 |
| 3 | ക്രിസ് ടോം കെ.വി. | കേൾവിക്കുറവ് | 3 | 5920 | 5300 (400x12+500) | 620 |
| | | | | | ആകെ | 3970 |

അധിക തുക അനുവദിക്കാനിടയായ സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (35/30.10.23) മുൻപ് കൊടുത്ത തുക കണക്കിലെടുക്കാതെ അധികമായി കൊടുത്തു പോയതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. അധികമായി അനുവദിച്ച ₹3970 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അധിക തുക തിരികെ ഈടാക്കുകയോ അടുത്ത സാമ്പത്തിക വർഷം ഇതേ ഗുണഭോക്താക്കൾക്ക് തുക നൽകുന്നുണ്ടെങ്കിൽ അതിൽ നിന്ന് ആനുപാതിക തുക കുറവ് ചെയ്യുകയോ ചെയ്ത് വിശദ വിവരം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 അങ്കണവാടി പോഷകാഹാരം-സ്റ്റോക്കിലെടുത്തതിൽ വ്യക്തതയില്ല.₹19,824 തടസ്സപ്പെടുത്തുന്നു

പഞ്ചായത്ത് പരിധിയിലുള്ള 6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുട്ടികൾ, അങ്കണവാടിയിലും ശിശുമന്ദിരത്തിലും എത്തുന്ന 3 വയസ്സ് മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾ മുലയൂട്ടുന്ന അമ്മമാർ, ഗർഭിണികൾ എന്നിവർക്ക്

പോഷകാഹാരം നൽകുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയിരിക്കുന്നത്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്റ്റ് നം | 11/23 |
| അടങ്കൽ<br>ആകെ-₹1908956 | ₹1508956 വികസന ഫണ്ട് (പൊതു വിഭാഗം)<br>₹400000 കേന്ദ്രാവിഷ്കൃത ഫണ്ട് |
| ചെലവ്<br>ആകെ-<br>₹1630636 | ₹1508956 വികസന ഫണ്ട് (പൊതു വിഭാഗം)<br>₹121680 കേന്ദ്രാവിഷ്കൃത ഫണ്ട് |
| ബിൽ നം./തീയതി | ₹198251-31/ 23-08-2022<br>₹440229-32/ 23-08-2022<br>₹171957-51/ 27-09-2022<br>₹52852-111/ 22-12-2022<br>₹256297-112/ 22-12-2022<br>₹389370-211/ 03-03-2023<br>₹121680-reqn. No.511190110122O018/22.3.23 |

അങ്കണവാടികളിലേക്കുള്ള ജനറൽ ഫീഡിംഗ് ഇനങ്ങൾ വിതരണം ചെയ്യുന്നത് മാവേലി സ്റ്റോർ,കാർത്തികപുരം എന്ന സ്ഥാപനത്തിൽ നിന്നാണ്. ജനറൽ ഫീഡിംഗിനുള്ള ഇനങ്ങൾ സ്റ്റോക്കിലെടുത്തതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചപ്പോൾ താഴെക്കൊടുത്തിരിക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1. മാവേലി സ്റ്റോർ, കാർത്തികപുരത്തിന്റെ 20.12.22 ലെ 1303120/22253 നം.ബിൽ (Regn. No.511901101220018/22.03.23 – ₹121680) പ്രകാരം 40 ബാഗ് ഓയിൽ (ഇൻവോയ്സിലെ ക്രമ നം.4) വാങ്ങിയിട്ടുണ്ട്. ആയത് സ്റ്റോക്കിൽ എടുത്തിട്ടില്ല. മേൽ ബിൽ പ്രകാരം ചെറുപയർ 157 Kg (ഇൻവോയ്സിലെ ക്രമ നം.2) ആണ് വാങ്ങിയിട്ടുള്ളത്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ 147kg ( പേജ് 70) മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളു.

2. മാവേലി സ്റ്റോർ, കാർത്തികപുരത്തിന്റെ 01.12.22ലെ 1303120/22222 നം.ബിൽ (ബിൽ നം.112/22.12.22) പ്രകാരം 300kg കുറുവ അരിയും 18.5.22 ലെ 1303120/2216 നം.ബിൽ പ്രകാരം 50kg മട്ട (ക്രമ നം.4) അരിയും (ബിൽ നം.32/23.08.22) വാങ്ങിയിട്ടുണ്ട്. ആയത് സ്റ്റോക്കിൽ എടുത്തിട്ടില്ല.
മേൽ അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ എൻക്വയറിക്ക് (36/30.10.23) പ്രസ്തുത സ്റ്റോക്ക് വിവരങ്ങൾ പരിശോധിച്ച് ലഭ്യമാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. സ്റ്റോക്ക് വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ മേൽ സൂചിപ്പിച്ച ഫീഡിംഗ് ഇനങ്ങളുടെ ചെലവു തുകയായ ₹19824 തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 നൂറേക്കർ കുടിവെള്ള പദ്ധതി നവീകരണം-കരാർ ലംഘനം നടത്തിയ കരാറുകാരനിൽ നിന്നും ഡെപ്പോസിറ്റ് ₹14600 കണ്ടുകെട്ടിയില്ല.

ഉദയഗിരി ഗ്രാമപഞ്ചായത്ത് 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട നൂറേക്കർ കുടിവെള്ള പദ്ധതി നവീകരണം എന്ന പ്രൊജക്റ്റിന്റെ കരാർ എടുത്ത ജോബിൻ.എം വർഗ്ഗീസ് എന്നവർ പ്രസ്തുത പ്രവൃത്തി പൂർത്തികരിക്കാൻ സാധിക്കില്ലെന്നും ആയതിനാൽ കരാർ ക്യാൻസൽ ചെയ്യണമെന്നും അപേക്ഷിച്ചതിന്റെയടിസ്ഥാനത്തിലും പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കേണ്ടതിനാലും നിലവിൽ കരാർ എടുത്ത ജോബിൻ എം. വർഗ്ഗീസ് എന്നവരെ ഒഴിവാക്കുന്നതിനും ഡെപ്പോസിറ്റ് കണ്ടുകെട്ടുന്നതിനും ടെണ്ടറിൽ രണ്ടാമതായി വന്ന കരാറുകാരനുമായി സംസാരിച്ച് എഗ്രിമെന്റ് വെച്ച് പ്രവൃത്തി ആരംഭിക്കുന്നതിനും ഭരണസമിതി തീരുമാനമെടുക്കുകയുമുണ്ടായി (28-01-2023 തീയതിയിലെ 7/2023(7) നമ്പർ തീരുമാനം). ശ്രീ ജോബിൻ.എം വർഗ്ഗീസ് ക്വാട്ട് ചെയ്ത നിരക്കിൽ പ്രവൃത്തി ഏറ്റെടുക്കാമെന്ന് അറിയിച്ച ശ്രീ മനു തടത്തിലിന് ഭരണസമിതി തീരുമാനപ്രകാരം കരാർ നൽകുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കരാറിൽ നിന്ന് പിൻമാറിയ കരാറുകാരനായ ശ്രീ.ജോബിൻ.എം വർഗ്ഗീസ് എന്നവരിൽ നിന്നും കരാർ ലംഘനം നടത്തിയതിന് മേൽ സൂചിപ്പിച്ച ഭരണസമിതി തീരുമാനപ്രകാരം ഡെപ്പോസിറ്റ് തുകയായ ₹14600 കണ്ടുകെട്ടിയിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

| | |
|---|---|
| പ്രൊജക്ട് നമ്പർ | SO 205/22 (SO 25/23) |
| പ്രൊജക്ടിന്റെ പേര് | നൂറേക്കർ കുടിവെള്ള പദ്ധതി നവീകരണം |
| അടങ്കൽ | ₹350500<br>(ധനകാര്യകമ്മീഷൻ അവാർഡ്)<br>₹199500 (തനത് ഫണ്ട്)<br>ആകെ ₹550000 |
| ചെലവ് തുക | ₹350500<br>(ധനകാര്യകമ്മീഷൻ അവാർഡ്)<br>₹155600 (തനത് ഫണ്ട്)<br>ആകെ ₹506100 |
| വൗച്ചർ നമ്പർ, തീയതി | 42/28-03-2023 -₹350500<br>43/28-03-2023 -₹155600 |
| കരാറുകാരന്റെ പേര് | ശ്രീ.ജോബിൻ എം വർഗീസ് (₹483528.23-കരാറിൽ നിന്ന് പിൻമാറി)<br>ശ്രീ.മനു തടത്തിൽ (Second Lowest-₹486977.04)<br>ശ്രീ.ജോബിൻ എം വർഗീസ് Quote ചെയ്ത നിരക്കിൽ (₹483528.30) പ്രവൃത്തി ഏറ്റെടുത്തു). |
| എം.ബുക്ക് നമ്പർ | 3/22-23 |
| കരാർ നമ്പർ, തീയതി | 43/AE/LSGD/UP/21-22 തീയതി 25-03-2022<br>(ശ്രീ.ജോബിൻ എം വർഗീസ്)<br>38/AE/LSGD/UGP/22-23 തീയതി 21-03-2023<br>(ശ്രീ.മനു തടത്തിൽ) |
| ഡെപ്പോസിറ്റ് രസീത് നമ്പർ,തുക | JL 1537480-₹14600 (ഫിക്സഡ് ഡെപ്പോസിറ്റ്, സബ് ട്രഷറി, ആലക്കോട് |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 27-03-2023 |

ഡെപ്പോസിറ്റ് രസീത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറുന്നതിനും തുക കണ്ടുകെട്ടാനും നടപടി സ്വീകരിക്കുന്നതാണെന്ന് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (06/26-10-2023) മറുപടി നൽകി. ഇക്കാര്യത്തിൽ അടിയന്തിര തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-27 പൊതുമരാമത്ത് പ്രവൃത്തികളിലെ മോണിറ്ററിംഗ്,ഗുണനിലവാര പരിശോധന-പദ്ധതി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല.

ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന് 19-04-2022 തീയതിയിലെ സ.ഉ(കൈ)നം.84/2022/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക നമ്പർ 14(4) പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് നിലവിലുള്ള പ്രാദേശിക മോണിറ്ററിംഗ് സംവിധാനത്തിന് പുറമെ പൊതുമരാമത്ത് മാന്വൽ അനുശാസിക്കും വിധത്തിലുള്ള മോണിറ്ററിംഗ് സംവിധാനം കൂടി നടപ്പിലാക്കണമെന്നും തുടക്കമെന്ന നിലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആകെ പ്രോജക്ടുകളുടെ ഒരു ശതമാനമെങ്കിലും തെരഞ്ഞെടുത്ത് പൊതുമരാമത്ത് മാന്വൽ നിഷ്കർഷിക്കുന്ന തരത്തിലുള്ള ഗുണനിലവാര പരിശോധനക്ക് വിധേയമാക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ തൻവർഷം ആകെ 136 പ്രോജക്ടുകളാണ് രൂപീകരിച്ചിട്ടുണ്ടായിരുന്നത്. ആയതിനാൽ ചുരുങ്ങിയത് ഒരു പ്രോജക്ടിലെങ്കിലും മേൽ പരാമർശിച്ച പ്രകാരമുള്ള ഗുണനിലവാര പരിശോധനക്കും മോണിറ്ററിംഗിനും വിധേയമാക്കേണ്ടതായിരുന്നു. എന്നാൽ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതു പ്രകാരം ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ പൊതുമരാമത്ത് പ്രോജക്ടുകൾ ഒന്നും തന്നെ ഗുണനിലവാര പരിശോധനക്കും മോണിറ്ററിംഗിനും വിധേയമാക്കിയിട്ടില്ല.

ആസൂത്രണ മാർഗ്ഗരേഖയിലെ ഖണ്ഡിക നമ്പർ 14(7) പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളുടെ സംക്ഷിപ്ത വിവരം അടങ്ങിയ ഒരു ബോർഡ് അതാത് പണി സ്ഥലത്ത് പ്രകടമായി കാണുന്ന തരത്തിലും സ്ഥലത്തും പ്രദർശിപ്പിക്കേണ്ടതും ആ ബോർഡിൽ 1997-ലെ കേരളപഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 17(3)-ൽ പ്രതിപാദിച്ചിരിക്കുന്ന വിവരങ്ങൾ അടങ്ങിയിരിക്കേണ്ടതുമാണ്. പ്രവൃത്തി പൂർത്തീകരിച്ച ശേഷം പ്രവൃത്തിയുടെ പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ടിന്റെ ഇനം, തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ ഡിസ്പ്ളേ ബോർഡിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കണമെന്നും ആയതിന് വേണ്ട തുക എസ്റ്റിമേറ്റിലുൾപ്പെടുത്താവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പ്രോജക്ട് നിർവഹണത്തിൽ മേൽ പരാമർശിച്ച നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല.

മേൽ പരാമർശിച്ച അപാകങ്ങൾ ഭാവിയിലെ പദ്ധതി നിർവ്വഹണ സമയത്ത് പരിഹരിക്കുന്നതിന് ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-28 ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല - ₹50,497യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഹോമിയോ മരുന്നുകൾ വാങ്ങുന്നതിനായി ₹1,50,000 കേരള ഹോമിയോപതിക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന്റെ 34306403911 നമ്പർ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ<br>ഗവ. ഹോമിയോ ഡിസ്പെൻസറി<br>ഉദയഗിരി ഗ്രാമപഞ്ചായത്ത് |
| പദ്ധതിയുടെ പേര് | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്ട് നം. | 09/23 |
| അടങ്കൽ | മെയിന്റനൻസ് ഫണ്ട് (റോഡിതരം) ₹1,50,000 |
| ചെലവ് | ബിൽ നം. 137 തീയതി 12.01.2023 – ₹1,50,000<br>(എ സി ആർ പ്രകാരം) |

99,503/- രൂപയുള്ള മരുന്നുകളാണ് ഇതുവരെ ലഭ്യമായിട്ടുള്ളത്. ബാക്കി മരുന്നുകൾ ലഭിച്ചതുമായി ബന്ധപ്പെട്ട വിവരങ്ങൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 08/26.10.2023) മറുപടിയായി മരുന്നുകൾ ലഭ്യമാക്കി വിശദാംശങ്ങൾ ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ₹50,497 (1,50,000-99,503)യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മുഴുവൻ മരുന്നുകളും ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്ന മുറയ്ക്ക് ഇൻവോയ്സും സ്റ്റോക്ക് രജിസ്റ്ററുകളും പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതുമാണ്.

## 1-29 അജൈവ മാലിന്യ നീക്കം - ക്ലീൻ കേരള കമ്പനിക്ക് തുക കൈമാറൽ-രേഖകൾ ലഭ്യമാക്കിയില്ല-₹15,195 തടസ്സപ്പെടുത്തുന്നു

അജൈവ മാലിന്യ നീക്കം - ക്ലീൻകേരള കമ്പനിക്ക് തുക കൈമാറൽ എന്ന പ്രോജക്ട് നിർവഹണത്തിന്റെ ഭാഗമായി താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ<br>ഉദയഗിരി സർക്കിൾ,<br>ഉദയഗിരി ഗ്രാമ പഞ്ചായത്ത്. |
| പദ്ധതിയുടെ പേര് | അജൈവ മാലിന്യ നീക്കം - ക്ലീൻ കേരള കമ്പനിക്ക് തുക കൈമാറൽ |
| പ്രൊജക്ട് നം | 221/23 |
| അടങ്കൽ | ധനകാര്യ കമ്മീഷൻ അവാർഡ് - ₹1,50,000 |
| ചെലവ് | ബിൽ നം.114 തീയതി 23.12.2022 - ₹99,592 |

ഗ്രാമപഞ്ചായത്തിന്റെ MCFൽ ശേഖരിച്ചിട്ടുള്ള പുനചംക്രമണയോഗ്യമല്ലാത്ത 8440 കി.ഗ്രാം അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുതിനുള്ള തുകയായി ₹99,592 മുകളിൽ കൊടുത്ത പ്രകാരം ക്ലീൻകേരള കമ്പനിക്ക് കൈമാറിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 25/28.10.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ലെഗസി വെയ്സ്റ്റ് കൈമാറിയതായുള്ള സെക്രട്ടറിയുടെ സാക്ഷ്യപത്രം, ഹരിതകർമ്മസേന വേസ്റ്റ് ക്വാണ്ടിഫിക്കേഷൻ രജിസ്റ്റർ, ക്ലീൻ കേരള കമ്പനി തുക കൈപ്പറ്റിയതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ പ്രസ്തുത സേവനത്തിന് 18% ജി എസ് ടി തുകയായ ₹15,195 കൂടി ബില്ലിൽ നൽകിയിട്ടുണ്ട്. പാഴ് വസ്തുക്കൾ നീക്കം ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് ജി എസ് ടി വകുപ്പിന്റെ സർക്കുലർ നം. 51/25/2018/GST തീ. 31. 07.2018 പ്രകാരം ജി എസ് ടി ബാധകമല്ല. ആയതിനാൽ ജി എസ് ടി ഇനത്തിൽ അനുവദിച്ച ₹15,195 തടസ്സപ്പെടുത്തുന്നു. മേൽ പരാമർശിച്ച രേഖകളും കമ്പനിക്ക് ജി എസ് ടി അനുവദിച്ചു നൽകിയതിന്റെ കാരണവും ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. തുക തിരിച്ചു പിടിച്ച് നിർദ്ദിഷ്ട ഫണ്ടിൽ വരവ് വെച്ച വിവരം അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-30 ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിലെ കാലതാമസം.

2022-23 വർഷത്തിൽ ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി 4 പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഇവയിൽ 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ആദ്യ ഗഡു തുക കൈപ്പറ്റിയ വിവിധ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ലൈഫ് ഭവന പദ്ധതി - എസ് സി - (79/23)

| ഗുണഭോക്താവിന്റെ പേര് | ആദ്യ ഗഡുവായി നൽകിയ തുക, തീയതി | അവസാന ഗഡുവായി നൽകിയ തുക, തീയതി | നാളിതു വരെ കൈപ്പറ്റിയ തുക |
|---|---|---|---|
| ജിഷ | 40,000, 10.01.2022 | 50,000, 18.01.2023 | 3,31,131 |

ലൈഫ് ഭവന പദ്ധതി - എസ് ടി - (77/23)

| ഗുണഭോക്താവിന്റെ പേര് | ആദ്യ ഗഡുവായി നൽകിയ തുക, തീയതി | അവസാന ഗഡുവായി നൽകിയ തുക, തീയതി | നാളിതു വരെ കൈപ്പറ്റിയ തുക |
|---|---|---|---|
| നയന പി വി | 90,000, 08.10.2021 | 1,00,000, 16.03.2023 | 5,20,000 |
| ബിന്ദു പി കെ | 60,000, 29.03.2021 | 1,11,845, 16.03.2023 | 5,11,845 |
| ഉഷ പി കെ | 60,000, 29.03.2021 | 1,00,000, 10.02.2023 | 5,00,000 |

ലൈഫ് ഭവന നിർമാണ രജിസ്റ്റർ പരിശോധിച്ചതിൽ 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ആദ്യ ഗഡു തുക

കൈപ്പറ്റിയ ചുവടെ ചേർത്ത ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയായിട്ടില്ല. ഇവർക്ക് 2022-23 സാമ്പത്തിക വർഷം ഭവനനിർമാണത്തിന് തുക അനുവദിച്ചിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | വിഭാഗം | ആദ്യ ഗഡുവായി നൽകിയ തുക, തീയതി | അവസാന ഗഡുവായി നൽകിയ തുക, തീയതി | നാളിതു വരെ കൈപ്പറ്റിയ തുക |
|---|---|---|---|---|
| ബാബു സി കെ | എസ് ടി | 90,000, 08.10.2021 | 1,00,000, 20.06.2023 | 5,20,000 |
| ഷാജി പി ആർ | എസ് ടി | 90,000, 08.10.2021 | 1,00,000, 27.03.2022 | 5,00,000 |
| ലക്ഷ്മി ഓർക്കയത്ത് | എസ് ടി | 60,000, 29.03.2021 | 1,00,000, 27.03.2022 | 4,51,920 |
| ചന്ദ്രിക കെ | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. | 40,000, 29.03.2021 | പിന്നീട് തുക അനുവദിച്ചിട്ടില്ല. | 40,000 |

ഇത് സംബന്ധിച്ച് നൽകിയ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/30.10.2023) മറുപടിയായി മേൽ പട്ടികകളിലെ നയന പി വി, ബിന്ദു പി കെ, ഉഷ പി കെ, ബാബു സി കെ, ഷാജി പി ആർ എന്നീ ഗുണഭോക്താക്കൾ ഭവന നിർമാണം പൂർത്തീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. മേൽ പട്ടികയിലെ പൂർത്തിയാകാത്ത വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം ഗുണഭോക്താക്കൾക്ക് നൽകേണ്ടതും തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതുമാണ്. ഭവന നിർമ്മാണം പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കാത്ത പക്ഷം അനുവദിച്ച തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതി ഈ വിഷയത്തെ ഗൗരവമായി സമീപിച്ച് വീട് നിർമ്മാണം തടസ്സപ്പെടുത്താനുള്ള കാരണം മനസിലാക്കി ജനകീയ ഇടപെടലുകൾ വഴി ആയതിന് പരിഹാരം കണ്ട് വീട് നിർമ്മാണം പെട്ടെന്ന് തന്നെ പൂർത്തീകരിക്കാൻ ശ്രമിക്കേണ്ടതാണ്.

## 1-31 മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങിയത് - നോൺ അവയിലബിറ്റി സർട്ടിഫിക്കറ്റ് ലഭ്യമല്ല. ₹98000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജ്ജൻ |
| പ്രോജക്ട് നമ്പർ | 52/23 |
| പ്രോജക്ടിന്റെ പേര് | മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹98000 മെയിന്റനൻസ് ഫണ്ട്- റോഡിതരം |
| ചെലവഴിച്ച തുക | ₹98000 |
| ബിൽ നമ്പർ, തീയതി | 136/11-01-2023/98000 (എ.സി.ആർ പ്രകാരം) |

മേൽ സൂചിപ്പിച്ചതു പ്രകാരം കാർത്തികപുരം നീതി മെഡിക്കൽസിൽ നിന്നും മരുന്ന് വാങ്ങിയതിന് 98000 രൂപ ചെലവഴിച്ചിട്ടുണ്ട്. 28-05-2022ലെ 115/2021/എൽ.എസ്.ജി.ഡി. നമ്പറായുള്ള സബ്സിഡി മാർഗ രേഖയുടെ ഖ.6.3.32 അനുസരിച്ച് വെറ്റിനറി ആശുപത്രികളിലേക്ക് ആവശ്യമായ മരുന്നുകളും അനുബന്ധ സാമഗ്രികളും വകുപ്പിൽ നിന്നും

ലഭ്യമല്ലാത്ത സാഹചര്യത്തിൽ നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നീതി/മാവേലി/സപ്ലൈകോ മെഡിക്കൽ സ്റ്റോറിൽ നിന്നും നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ സൂചിപ്പിച്ച ഫയലിൽ നോൺ അവയിലബിറ്റി സർട്ടിഫിക്കറ്റ് ലഭ്യമായി കാണുന്നില്ല. എൻ.എ.സി. ലഭിക്കാതെ മറ്റ് സ്ഥാപനങ്ങളിൽ നിന്ന് മരുന്ന് വാങ്ങിയ നടപടി ശരിയല്ല. നോൺ അവയിലബിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടെങ്കിൽ ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.13/23.10.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുകയായ ₹98000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. എൻ.എ.സി. ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-32 ഉദയഗിരി ഫാമിലി ഹെൽത്ത് സെന്റർ-ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വരവ് ചെലവ് കണക്കുകൾ ലഭ്യമാക്കിയിട്ടില്ല

2010ലെ കേരളപഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മറ്റികൾ) ചട്ടങ്ങളിലെ ചട്ടം 9(1) പ്രകാരം ലോക്കൽ ഫണ്ട് അക്കൗണ്ടുകളുടെ എക്സാമിനറോ (നിലവിൽ കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ) അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥരോ പഞ്ചായത്ത് ഫണ്ടിന്റെ കാര്യത്തിലെന്ന പോലെ, ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കലോ ആവശ്യമെന്നു കണ്ടാൽ അതിനിടയ്ക്കോ ഓഡിറ്റ് ചെയ്യേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും അവസാനിച്ച് 4 മാസത്തിനകം അതത് സാമ്പത്തിക വർഷത്തെ കണക്കുകൾ നിശ്ചിത മാതൃകാ ഫോറങ്ങളിൽ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുണ്ട് (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ 1996 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം). ഉദയഗിരി എഫ്.എച്ച്,സി ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ 2013-14 സാമ്പത്തിക വർഷം വരെയുള്ള വരവ് ചെലവ് കണക്കുകളുടെ ഓഡിറ്റ് പൂർത്തിയായിട്ടുള്ളതാണ്. എന്നാൽ 2014-15 മുതൽ 2022-23 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ 18-1-2006 ലെ 42774/എം. 3/05/ആ.കു.വ. നമ്പർ കത്തിൽ നിർദ്ദേശിച്ച പ്രകാരമുള്ള മാതൃകയിൽ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (37/30-10-2023) മറുപടി ഹാജരാക്കിയിട്ടില്ല.

## 1-33 പത്താമുദയം-സമ്പൂർണ്ണ സെക്കന്ററി വിദ്യാഭ്യാസ ജില്ല-പഠിതാവ് കോഴ്സിന് രജിസ്റ്റർ ചെയ്തില്ല-₹1950 തടസ്സപ്പെടുത്തുന്നു.

പത്താം തരം പാസാകാത്ത മുഴുവൻ പേരെയും പത്താം തരം പാസാകുന്നതിന് സഹായിക്കുന്നതിനായി അവരുടെ കോഴ്സ് ഫീസ് ഉൾപ്പെടെ വഹിക്കുന്നതിനാണ് പ്രൊജക്ട് ലക്ഷ്യം വയ്ക്കുന്നത്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ഗവ.യു.പി.സ്കൂൾ, പൂവൻചാൽ |
| പ്രോജക്ട് നം./പേര് | 126/23, പത്താമുദയം – സമ്പൂർണ്ണ സെക്കന്ററി വിദ്യാഭ്യാസ ജില്ല |
| അടങ്കൽ | ₹30,000 വികസന ഫണ്ട് (പൊതു വിഭാഗം) |
| ചെലവ് | ₹17,784 |
| ബിൽ നം./തിയതി | 267/21.3.23 (ACR പ്രകാരം) |

കോഴ്സ് ഫീസായി ഒരു പഠിതാവിന് ₹1950 വീതം 8 പേരുടെ വിഹിതമായ ₹15600 ഡയറക്ടർ, കേരളാ സാക്ഷരതാ മിഷന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ട സെലീന എന്ന ഗുണഭോക്താവ് കോഴ്സ് രജിസ്ട്രേഷൻ നടത്തിയിട്ടില്ല. മേൽ അപാകം ചൂണ്ടിക്കാണിച്ച് നൽകിയ എൻക്വയറിക്ക് (15/26.10.23) ടിയാരിക്ക് സ്കൂൾ സർട്ടിഫിക്കറ്റ് ലഭ്യമല്ലാത്തതിനാൽ പത്താം തരം തുല്യത കോഴ്സിലേക്ക് രജിസ്റ്റർ ചെയ്യാൻ സാധിച്ചിട്ടില്ലെന്നും പകരമായി ഷീജ ടി.ജെ. എന്നവരെ ഈ കോഴ്സിലേക്ക് ചേർത്തിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. കോഴ്സ് ഫീസായി തുക നൽകിയെങ്കിലും കോഴ്സിന് ചേർന്നിട്ടില്ലാത്തതിനാൽ ₹1950 തടസ്സപ്പെടുത്തുന്നു. പുതിയ ഗുണഭോക്താവിനെ പദ്ധതിയിൽ ഉൾപ്പെടുത്തിയപ്പോൾ അർഹമായ വിദ്യാർത്ഥിയുടെ തുകയ്ക്ക് പകരം തുക നൽകാതെയാണ് ഉൾപ്പെടുത്തിയത് എന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സർക്കാർ അനുമതിയില്ലാതെ ചൂടാറാപ്പെട്ടി (റൈസ് കുക്കർ) വിതരണം ചെലവ് തുക ₹4,90,000 നിരാകരിക്കുന്നു.

ഉദയഗിരി ഗ്രാമ പഞ്ചായത്തിനെ കാർബൺ തുലിത പഞ്ചായത്താക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി ഹരിത ഗൃഹ വാതകങ്ങളുടെ ബഹിർഗമനം കുറയ്ക്കുന്നതിന്റെ ഭാഗമായി വിറക് ഉപയോഗം പരിമിതപ്പെടുത്തുന്നതിനായി പഞ്ചായത്തിലെ സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളതും പാചകത്തിനായി വിറകടുപ്പിനെ കൂടുതൽ ആശ്രയിക്കുന്നവരുമായ കുടുംബാംഗങ്ങൾക്ക് ചൂടാറാപ്പെട്ടികൾ വിതരണം ചെയ്യുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച "കാർബൺ ന്യൂട്രൽ ചൂടാറാപ്പെട്ടി വിതരണം" എന്ന പ്രോജക്ടിന്റെ നിർവ്വഹണത്തിന്റെ ഭാഗമായി ഉദയഗിരി ഗ്രാമപഞ്ചായത്തിലെ 182 കുടുംബങ്ങൾക്ക് റൈസ് കുക്കർ വിതരണം ചെയ്തിട്ടുണ്ട്. പ്രോജക്ടിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | S0171/23 |
| അടങ്കൽ | ₹4,90,000 വികസന ഫണ്ട് |
| ചെലവഴിച്ച തുക | ₹4,90,000 |
| ബിൽ നമ്പർ, തീയതി | 252/18-03-2023 |

മേൽ സൂചിപ്പിച്ച പ്രോജക്ടിന്റെ നിർവഹണത്തിന്റെ ഭാഗമായി ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ അർജ്ജുൻ അസോസിയേറ്റ്സ്, കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും 2700/- രൂപ നിരക്കിൽ 182 ചൂടാറാപ്പെട്ടികൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് താഴെ ചേർക്കും പ്രകാരമുള്ള അപാകങ്ങൾ കാണുന്നു.

1) 28-05-2022ലെ സ.ഉ.(കൈ) നമ്പർ 115/2022/ത.സ്വ.ഭ.വ. നമ്പറായുള്ള സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക 3.5.(2) അനുസരിച്ച് സംസ്ഥാന സർക്കാർ സ്കീമുകൾ, നൂതന പ്രോജക്ടുകൾ എന്നിവയല്ലാത്ത പ്രോജക്ടുകളുടെ കാര്യത്തിൽ മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത ഇനങ്ങൾക്ക് സർക്കാരിന്റെ അനുമതിയോടു കൂടി മാത്രമേ സബ്സിഡി നൽകാൻ പാടുള്ളൂ. മേൽ സൂചിപ്പിച്ച പദ്ധതിക്ക് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതാണെന്ന് ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി (എൻക്വയറി നമ്പർ - 31/28-10-2-23) നൽകിയെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. നൂതന പ്രൊജക്ട് എന്ന നിലയിൽ പദ്ധതി മാർഗ്ഗരേഖയിലെ 3.8.5ലെ നിബന്ധനകൾ പാലിക്കാത്തതിനാലും സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 2.2, 3.5(2) എന്നിവയിൽ പറഞ്ഞ പ്രകാരം സർക്കാരിന്റെ മുൻ അനുമതി വാങ്ങാത്തതിനാലും ചെലവു തുക ₹4,90,000 ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരിച്ചടക്കുകയോ സർക്കാരിൽ നിന്നുള്ള അനുമതി ഹാജരാക്കുകയോ ചെയ്ത് നിരാകരണം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യ പത്രം നൽകിയതിന്റെവിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ തീയതി |
|---|---|---|
| 2022-23 | 27-10-2023 & 28-10-2023 | കെ.എസ്.എ/കെ.എൻ.ആർ/സി.12/ 1653/2023 തീയതി: 17.11.2023 |

## 4-2 സംയുക്ത പദ്ധതികളുടെ ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | വർഷം | ലഭിച്ച തുക | പദ്ധതിയുടെ പേര് നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത്, തളിപ്പറമ്പ | 2022-23 | 1,00,000 | ഹരിത ഗ്രാമം ആട് വളർത്തൽ (154/23) | 1,00,000 | 0 |
| 2 | -ടി- | -ടി- | 1,20,000 | ലൈഫ് ഭവനനിർമ്മാണം പട്ടികജാതി(57/23) | 1,20,000 | 0 |
| 3 | -ടി- | -ടി- | 1,00,000 | ഹരിത ഗ്രാമം ശുചിത്വ പ്രവർത്തനങ്ങൾ (204/23) | 1,00,000 | 0 |
| 4 | -ടി- | -ടി- | 17,60,000 | ലൈഫ് ഭവനനിർമ്മാണം പട്ടികവർഗ്ഗം (77/23) | 17,60,000 | 0 |
| 5 | -ടി- | -ടി- | 2,00,000 | ലൈഫ് ഭവനനിർമ്മാണം പട്ടികജാതി (79/23) | 2,00,000 | 0 |
| 6 | -ടി- | -ടി- | 2,55,000 | ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് (14/23) | 2,55,000 | 0 |
| 7 | -ടി- | -ടി- | 276742 | ക്ഷീരകർഷകർക്ക പാലിന് സബ്സിഡി (35/23) | 276742 | 0 |
| 8 | -ടി- | -ടി- | 5,00,000 | സൗരോർജ്ജ തൂക്കുവേലി നിർമ്മാണം (121/23) | 5,00,000 | 0 |
| 9 | -ടി- | -ടി- | 1215287 | പാറോത്തുമല പെരുമുണ്ട കുടിവെള്ള പദ്ധതി (28/23) | 1215287 | 0 |
| 10 | -ടി- | -ടി- | 373514 | മണക്കടവ് ശ്രീപുരം സ്കൂളിന് യൂറിനൽ ടോയ് ലറ്റ് നിർമ്മാണം (19/23) | 373514 | 0 |
| | | | ആകെ | | 4900543 | |
| 11 | ജില്ലാ പഞ്ചായത്ത്, കണ്ണൂർ | -ടി- | 81270 | ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് (14/23) | 81270 | 0 |
| 12 | -ടി- | -ടി- | 356000 | ക്ഷീരകർഷകർക്ക പാലിന് സബ്സിഡി (35/23) | 356000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| 13 | -ടി- | -ടി- | 50,00,000 | സൗരോർജ്ജ തൂക്കുവേലി നിർമ്മാണം (121/23) | 50,00,000 | 0 |
| 14 | -ടി- | -ടി- | 769867 | വെള്ളാട്ടുക്കൊല്ലി കുടിവെള്ള പദ്ധതി (27/23) | 769867 | 0 |
| 15 | -ടി- | -ടി- | 367205 | ഗോത്രസാരഥി (45/23) | 367205 | 0 |
| | | | ആകെ | | 6574342 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തി യുടെ പേര് | നൽകിയ തുക ₹ | ബിൽ നമ്പർ/ തീയതി | ചെല വഴിച്ച തുക ₹ | പൂർത്തീ കരിച്ച വിവരം |
|---|---|---|---|---|---|
| ചീഫ് എക്സി. ഓഫീസർ & ഡിവി ഷണൽ ഫോറസ്റ്റ് ഓഫീസർ, കണ്ണൂർ ഡിവി ഷൻ | 121/23 സൗരോർജ്ജ തൂക്കുവേലി നിർമ്മാണം | 70,00,000 | 1)179/16-02-2023/ ₹1500000 (വികസന ഫണ്ട് പൊതു വിഭാഗം)<br>2) BRN NO-22190952000501207315/ 17-02-2023/ ₹500000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>3)BRN 22190952000501214872 /20-02-2023/ ₹5000000 (ജില്ലാ പഞ്ചായത്ത് വിഹിതം) | - | ടെണ്ടർ നടപടി കൾ പൂർത്തി യായി. നിലവിൽ ബഹു വർഷ പ്രൊജക്ട് ആയി പ്രവൃത്തി തുടരുന്നു |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ /വായ്പാ തിരിച്ചടവ്

2022-23 വർഷത്തിൽ ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ ലഭിച്ച തുകയുടെയും തൻവർഷം തിരിച്ചടച്ച തുകയുടെയും വിവരം.

| വായ്പയുടെ പേര്, ഉദ്ദേശ്യം, | സർക്കാർ ഉത്തരവ് നം. | സർക്കാർ അനുമതി ലഭിച്ച | വർഷാ രംഭ ത്തിൽ | തൻ വർഷം ലഭിച്ച | ആകെ വായ്പ തുക | ഓഡിറ്റ് വർഷം തിരി | ഓഡിറ്റ് വർഷം ഒടുക്കിയ | വർഷാവ സാനം തിരിച്ചട |
|---|---|---|---|---|---|---|---|---|

| ഉത്തരവ് നമ്പർ | തീയതി | വായ്പ തുക | തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തുക | | ച്ചടച്ച വായ്പ | പലിശ | ക്കാൻ ബാക്കിയുള്ള വായ്പ തുക |
|---|---|---|---|---|---|---|---|---|
| ഹഡ്കോ ലോൺ, ലൈഫ് ഭവന നിർമ്മാണ | ലഭ്യമാക്കിയിട്ടില്ല. | ലഭ്യമാക്കിയിട്ടില്ല. | 5685180 | 0 | ലഭ്യമാക്കിയിട്ടില്ല. | 1380757 (*) | 0 | 4304423 |

ഗ്രാമപഞ്ചായത്തിൽ ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ബി.5 ഷെഡ്യൂൾ പ്രകാരം ലൈഫ് ഭവന വായ്പ ഇനത്തിൽ 4304423 രൂപ തിരിച്ചടക്കാനവശേഷിക്കുന്നുണ്ട്. അനുവദിക്കപ്പെട്ട ലോൺ തുക, ഇതേ വരെ തിരിച്ചടച്ച തുക എന്നിവ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നമ്പർ-19/28-10-2023 & ഓഡിറ്റ് റിക്വിസിഷൻ നമ്പർ-1/20-10-2023). 2020-21, 2021-22 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിലും ഈ അപാകം പരാമർശിച്ചിരുന്നു. എന്നാൽ നിലവിലും ലോൺ രജിസ്റ്റർ സൂക്ഷിക്കാത്തത് വീഴ്ചയാണ്. വായ്പയുടെ വിശദാംശങ്ങൾ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

| ക്രമ നം. | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | തുക ഒടുക്കിയ ആളുടെ പേര് | രസീത് നം./ തീയതി |
|---|---|---|---|---|---|
| 1 | 2019-20, 2020-21, 2021-22 | 1-11 | 22257 | ഫാ.ജോഷി തോമസ് | 1220100295/27.05.2022 |
| 2 | 2020-21 | 1-19 | 100 | ജിസ് കുര്യാക്കോസ് | 1220102987/17.01.23 |
| 3 | 2020-21 | 1-19 | 100 | മാത്യു ടി.എം. | 1220102988/17.01.23 |
| 4 | 2020-21 | 1-19 | 100 | ജിന്നി ജോസഫ് | 1220102989/17.01.23 |
| 5 | 2019-20 | 1-6-1 | 1134 | ടി.ജെ ജെയിംസ് | 1220100334/04.06.23 |
| 6 | 2019-20 | 1-6-1 | 908 | ശശിധരൻ കെ.കെ. | 1220100485/28.06.22 |
| 7 | 2019-20 | 1-6-1 | 1134 | ജോർജ്ജ് തോമസ് | 1220100607/19.07.22 |
| 8 | 2019-20 | 1-6-1 | 1134 | ജോർജ്ജ് തോമസ് | 1220100609/19.07.22 |
| 9 | 2019-20 | 1-6-1 | 1134 | ചാക്കോ അഗസ്തി | 1220100621/21.07.22 |
| 10 | 2019-20 | 1-6-1 | 1134 | ജോസ്.കെ.ജെ. | 1220100743/16.08.22 |
| 11 | 2019-20 | 1-6-1 | 250 | ജോസ് കെ.ജെ. | 1220100744/16.08.22 |
| 12 | 2019-20 | 1-6-1 | 908 | സിജിൻ ജോസഫ് | 1220100777/23.08.22 |
| 13 | 2019-20 | 1-6-1 | 6611 | ജോ സെബാസ്റ്റ്യൻ | 1220101535/26.10.22 |
| 14 | 2019-20 | 1-6-1 | 1134 | ജോ സെബാസ്റ്റ്യൻ | 1220101536/26.10.22 |
| 15 | 2019-20 | 1-6-1 | 250 | ജോ സെബാസ്റ്റ്യൻ | 1220101537/26.10.22 |
| 16 | 2019-20 | 1-6-1 | 6611 | ജോ സെബാസ്റ്റ്യൻ | 1220101538/26.10.22 |
| 17 | 2019-20 | 1-6-1 | 1134 | ജോ സെബാസ്റ്റ്യൻ | 1220101539/26.10.22 |
| 18 | 2019-20 | 1-6-1 | 250 | ജോ സെബാസ്റ്റ്യൻ | 1220101540/26.10.22 |

| | | | | | |
|---|---|---|---|---|---|
| | | ആകെ | 46,283 | | |

ഐ എൽ ജി എം എസ് സോഫ്റ്റ് വെയറിലുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഓഡിറ്റ് റിക്കവറി സംബന്ധിച്ച പട്ടിക ഉൾപ്പെടുത്തിയിട്ടുള്ളത്. ഓഡിറ്റ് റിക്കവറിയിനത്തിലെ തുകകൾ സംബന്ധിച്ച് പൂർണ്ണവിവരങ്ങൾ രേഖപ്പെടുത്തിയ ഓഡിറ്റ് റിക്കവറി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | VII-13-1 | 1998-99 | 39 | മണ്ണിന് അധിക വില നൽകിയത് | നിലനിൽക്കുന്നു. |
| 2005-06 | II-87.1 | 2001-02 | 3.8 | ഷോപ്പിംഗ് കോംപ്ലക്സ് പഞ്ചായത്തിന് ബാധ്യതയായി | നിലനിൽക്കുന്നു. |
| 2016-17 | 2 | 2014-15 | 2-3 | തൊഴിൽനികുതി | നിലനിൽക്കുന്നു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം.

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹32948581 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹27838520 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹4,90,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹7366436 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം .

| ഖണ്ഡിക നം. | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | ചാർജ്ജ് ചെയ്യേണ്ടത് | സർചാർജ്ജ് ചെയ്യേണ്ടത് | ശ്രീ.ബിനു വർഗ്ഗീസ്, സെക്രട്ടറി |
| | - | ₹4,90,000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | ₹7000000 | ശ്രീ.ബിനു വർഗ്ഗീസ്, സെക്രട്ടറി |

| | | |
|---|---|---|
| 1-22 | ₹177000 | ശ്രീ.ബിനു വർഗ്ഗീസ്, സെക്രട്ടറി |
| 1-24 | ₹3970 | ശ്രീമതി.ഷൈജ.കെ.പി,<br>ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-25 | ₹19824 | ശ്രീമതി.ഷൈജ.കെ.പി,<br>ഐ സി ഡി എസ് സൂപ്പർവൈസർ – ₹7324<br>ശ്രീമതി.ഹസീന.പി.വി,<br>ഐ സി ഡി എസ് സൂപ്പർവൈസർ – ₹12500 |
| 1-28 | ₹50497 | ഡോ.സൗമ്യ മാത്യു,<br>മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-29 | ₹15195 | ശ്രീ.സുരേന്ദ്രൻ ടി.വി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഉദയഗിരി സർക്കിൾ |
| 1-31 | ₹98000 | ഡോ.ബിജോയ് വർഗ്ഗീസ്,<br>വെറ്റിനറി സർജ്ജൻ. |
| 1-33 | ₹1950 | ഷാജി തോമസ്, ഹെഡ്മാസ്റ്റർ,<br>ജി.യു.പി സ്കൂൾ പൂവഞ്ചാൽ. |
| ആകെ | ₹7366436 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം .

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | 1-12, 1-13, 1-15, 1-6, 1-17 |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും .

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ശ്രീ.ബിനു വർഗ്ഗീസ്, സെക്രട്ടറി | സെക്രട്ടറി,<br>പട്ടുവം<br>ഗ്രാമപഞ്ചായത്ത്. | കൊച്ചുപറമ്പിൽ,<br>പുളിമ്പറമ്പ, തളിപ്പറമ്പ<br>പി.ഒ, കണ്ണൂർ ജില്ല. |
| ശ്രീമതി.ഷൈജ.കെ.പി,<br>ഐ സി ഡി എസ് സൂപ്പർവൈസർ | ഐ സി ഡി എസ് സൂപ്പർവൈസർ,<br>ചപ്പാരപ്പടവ്<br>ഗ്രാമപഞ്ചായത്ത്. | ലഭ്യമാക്കിയിട്ടില്ല. |
| ശ്രീമതി.ഹസീന.പി.വി,<br>ഐ സി ഡി എസ് സൂപ്പർവൈസർ | ഐ സി ഡി എസ് സൂപ്പർവൈസർ,<br>ചപ്പാരപ്പടവ്<br>ഗ്രാമപഞ്ചായത്ത്. | ലഭ്യമാക്കിയിട്ടില്ല. |
| ഡോ.സൗമ്യ മാത്യു, മെഡിക്കൽ ഓഫീസർ (ഹോമിയോ) | ലഭ്യമാക്കിയിട്ടില്ല. | ലഭ്യമാക്കിയിട്ടില്ല. |
| ശ്രീ.സുരേന്ദ്രൻ ടി.വി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,<br>ഉദയഗിരി സർക്കിൾ | വി.ഇ.ഒ,<br>ബ്ലോക്ക് പഞ്ചായത്ത്,<br>കല്യാശ്ശേരി | ലഭ്യമാക്കിയിട്ടില്ല. |

| | | |
|---|---|---|
| ഡോ.ബിജോയ് വർഗ്ഗീസ്, വെറ്റിനറി സർജ്ജൻ | ലഭ്യമാക്കിയിട്ടില്ല. | ലഭ്യമാക്കിയിട്ടില്ല. |
| ഷാജി തോമസ്, ഹെഡ്മാസ്റ്റർ, ജി.യു.പി സ്കൂൾ പൂവഞ്ചാൽ. | ഹെഡ്മാസ്റ്റർ, ജി.യു.പി. സ്കൂൾ പൂവഞ്ചാൽ. | വള്ളിയാംതടത്തിൽ, നെല്ലിപ്പാറ പി. ഒ, കണ്ണൂർ ജില്ല. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.കെ.എൻ.ആർ/സി12/ 1375/2022 തീയതി:11-10-2022 (ഓഡിറ്റ് അദാലത്ത്) | 7 |
| 2001-02 | കെ.എസ്.എ.കെ.എൻ.ആർ/സി12/ 1375/2022 തീയതി:11-10-2022 (ഓഡിറ്റ് അദാലത്ത്) | 1 |
| 2005-06 | കെ.എസ്.എ.കെ.എൻ.ആർ/സി12/ 1375/2022 തീയതി:11-10-2022 (ഓഡിറ്റ് അദാലത്ത്) | 1 |
| 2006-07 | കെ.എസ്.എ.കെ.എൻ.ആർ/സി12/ 1375/2022 തീയതി:11-10-2022 (ഓഡിറ്റ് അദാലത്ത്) | 10 |
| 2007-08 | കെ.എസ്.എ.കെ.എൻ.ആർ/സി12/ 1375/2022 തീയതി:11-10-2022 (ഓഡിറ്റ് അദാലത്ത്) | 7 |
| 2010-11,2011-12 | കെ.എസ്.എ.കെ.എൻ.ആർ/സി12/ 1375/2022 തീയതി:11-10-2022 (ഓഡിറ്റ് അദാലത്ത്) | 3 |
| 2014-15 | കെ.എസ്.എ.കെ.എൻ.ആർ/സി12/ 1375/2022 തീയതി:11-10-2022 (ഓഡിറ്റ് അദാലത്ത്) | 4 |
| 2015-16 | കെ.എസ്.എ.കെ.എൻ.ആർ/സി12/ 1375/2022 തീയതി:11-10-2022 (ഓഡിറ്റ് അദാലത്ത്) | 2 |

| | | |
|---|---|---|
| 2016-17 | കെ.എസ്.എ.കെ.എൻ.ആർ/സി12/ 1375/2022 തീയതി:11-10-2022 (ഓഡിറ്റ് അദാലത്ത്) | 6 |
| 2017-18 | കെ.എസ്.എ.കെ.എൻ.ആർ/സി12/ 1375/2022 തീയതി:11-10-2022 (ഓഡിറ്റ് അദാലത്ത്) | 1 |
| 2018-19 | കെ.എസ്.എ.കെ.എൻ.ആർ/സി12/ 1375/2022 തീയതി:11-10-2022 (ഓഡിറ്റ് അദാലത്ത്) | 4 |
| 2019-20 | കെ.എസ്.എ.കെ.എൻ.ആർ/സി12/ 339/2022 തീയതി: 20-04-2022 | 31 |
| 2020-21 | കെ.എസ്.എ.കെ.എൻ.ആർ/സി12/ 939/2022 തീയതി: 21-07-2022 | 39 |
| 2021-22 | കെ.എസ്.എ.കെ.എൻ.ആർ/സി12/ 347/2023 തീയതി:30-03-2023 | 18 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 122/2023 dated 30-06-2023 and submitted on 07-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Udayagiri Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Udayagiri Grama Panchayat for the year 2022-2023

Date: 17/11/2023

Deputy Director
District Office Kannur
Kerala State Audit Department

## Audit Report appended to the Audit Certificate of Udayagiri Grama Panchayat for the Year 2022-2023.

**1.Major Observations**

All assets are not included in the AFS

**2.Other Observations**

1) Advance amount is treated as asset in the balance Sheet before obtaining Utilisation Certificate.

2) Expenditure from Finance Commission Grant as per I6 schedule and B3 schedule (Central Contribution) taken together differ from Appropriation Control Register, Expenditure and Sulekha Statement.

3) The panchayath has not maintained Appropriation Control Register regarding Central and State Govt. grants.

4) Basic ratios and notes on accounts has not been submitted for audit.

5) Certified DCB on property tax was not produced for verification.

6) Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

7) Loan Register has not been maintained.

8) Advance Register is incomplete.

9) Stock and sales Register of tender forms not produced for audit.

10) Details of the amount shown as Co-Operative Bank Account of Own Revenue Fund in B17 and RP 40 (b) not produced for verification in audit.

11) Details of the amount shown in the Ledger as previous year pending receipt and duplication payment correction entry (2020-21,2021-22)

have not been produced for verification in audit.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ഉദയഗിരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annex3-1

റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Udayagiri Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No. | Description of Items | Schedule No. | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 8247545.00 |
| Cash | Cash | RP-40(a) | 22996.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 542270.00 |
| 130000000 | Rental income from Panchayat Properties | RP-3 | 9500.00 |
| 140000000 | Fees & User Charges | RP-4 | 243448.00 |
| 150000000 | Sale & Hire Charges | RP-5 | 190140.00 |
| 151000000 | Receipts from Transferred Institutions | RP-6 | 0.0 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 9413000.00 |
| 171000000 | Interest Earned | RP-9 | 34089.00 |
| 190000000 | Prior Period Income | RP-11 | 2094441.00 |
| 210000000 | Establishment Expenses | RP-12 | 200.00 |
| 220000000 | Administrative Expenses | RP-13 | 17777.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 136002.00 |

| | | | |
|---|---|---|---|
| 311000000 | Earmarked Funds | RP-28 | 7199.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 16996859.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 2819488.00 |
| 460000000 | Loans, Advances and Deposits | RP-49 | 71384.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 116919.00 |
| 350000000 | Other Liabilities | RP-35 | 255865.00 |
| | Grand total | | 41219122.00 |
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 8985.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 253.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 1237523.00 |
| 460000000 | Loans, Advances and Deposits | RP-49 | 302379.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 12200.00 |
| 350000000 | Other Liabilities | RP-35 | 26277180.00 |

| | | | |
|---|---|---|---|
| | Closing Balance | | |
| Bank | Bank | RP-40(b) | 13320775.00 |
| Cash | Cash | RP-40(b) | 59827.00 |
| | Grand Total | | 41219122.00 |

Annex3-2

ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Udayagiri Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 2916780.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 241572.00 |
| 140000000 | Fee & User Charges | I-4 | 358158.00 |
| 150000000 | Sale & Hire Charges | I-5 | 190140.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 175100661.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 33361.00 |
| 180000000 | Other Income | I-9 | 0.0 |
| 190000000 | Prior Period Income | I-19 | 8450077.00 |
| | Total Income | | 178840672.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 12516429.00 |
| 220000000 | Administrative Expenses | I-11 | 742004.00 |
| 230000000 | Operations & Maintenance | I-12 | 694441.00 |
| 240000000 | Interest & Finance Charges | I-13 | 680.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme | I-14 | 4937819.00 |

| | | | |
|---|---|---|---|
| | Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 32215952.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 22464914.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 68529056.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 35475800.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1738466.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 0.0 |
| | Total Expenditure | | 179315561.00 |
| | Gross Surplus / Deficit of income over Expenditure | | -474889.00 |
| | Gross Surplus / Deficit of income over Expenditure | | -8128463.00 |
| 290000000 | Transfer to Reserve Funds/Prior Period Item (ILGMS) | I-18 | 796503.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | 7653574.00 |

## Annex3-3
## ബാലൻസ് ഷീറ്റ്

| Udayagiri Grama Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 19054362.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 15999.00 |
| 312000000 | Reserves | B-3 | 88319283.00 |
| | Total Reserve & Surplus | | 107389644.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 13853612.00 |
| | Total Grants, Contributions for Specific Purposes | | 13853612.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 4304423.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 4304423.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 665837.00 |
| 341000000 | Deposits Works | B-8 | 0.0 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | B-9 | 3359710.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 4025547.00 |
| | TOTAL LIABILITIES | | 129573226.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 5024695.00 |
| 412000000 | Capital Work in Progress | B-11(b) | 1119687.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 7270621.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 24938239.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 126861975.00 |
| 416000000 | Accumulated Depreciation | B-11(a) | -53334820.00 |
| | Total Fixed Assets | | 111880397.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 1840042.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 413.00 |
| 450000000 | Cash and Bank Balance | B-17 | 13380602.00 |
| 460000000 | Loans, Advances and Deposits | B-18 | 2471772.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |

| | | | |
|---|---|---|---|
| | Total Current Assets, Loans and Advances | | 17692829.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 129573226.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.